**എഡിറ്റോറിയൽ**

# ആത്മീയത:ബാഹ്യവും ആന്തരികവും



**ബാഹ്യ**മായ ആത്മീയതയ്ക്ക് ബൈബിളിലുള്ള ക്ലാസിക് ഉദാഹരണം പരീശന്മാരാണ്. അവരുടെ വാക്കുകൾ ശരിയായിരുന്നു. എന്നാൽ അവരുടെ പ്രവൃത്തിയും മനോഭാവവും ശരിയായിരുന്നില്ല. അതുകൊണ്ട് യേശു അവരെക്കുറിച്ചു പറഞ്ഞു: 'അവർ നിങ്ങളോട് പറയുന്നതൊക്കെയും പ്രമാണിച്ചു ചെയ്യുവിൻ. അവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുതു താനും' (മത്തായി 23:2).

പുതിയനിയമ കാലഘട്ടത്തിലേക്കുവരുമ്പോൾ ഇതേപോലെ ആത്മീയതയുടെ ബാഹ്യമായ ആവരണം ഉണ്ടായിരിക്കുകയും ആത്മീയതയുടെ ആന്തരികയാഥാർത്ഥ്യം ഇല്ലാതിരിക്കുകയും ചെയ്യുന്ന വിശ്വാസികളെക്കുറിച്ച് പൗലൊസും പറയുന്നുണ്ട്. ഭക്തിയുടെ വേഷംധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരാണവർ. പൗലൊസ് അവരുടെ ലക്ഷണങ്ങൾ വിവരിക്കുന്നതിങ്ങനെ:

'അന്ത്യകാലത്ത് ...... മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും, അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരുമായിരിക്കും.' (2 തിമൊ.3:1–5).

ഇത് അന്ത്യകാലത്തെ അവിശ്വാസികളായ ആളുകളുടെ ലക്ഷണങ്ങളാണെന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ ലോകമനുഷ്യർക്ക് 'ഭക്തിയുടെ വേഷം' പോലുമില്ലല്ലോ. ഭക്തിയുടെ വേഷം (Outward form of godliness) ഉള്ളത് വിശ്വാസികൾക്കാണ്. അപ്പോൾ ഇത് അന്ത്യകാലവിശ്വാസലോകത്തിന്റെ ലക്ഷണമാണ്.2 തിമൊ. 2:20 ൽ പറയുന്ന ആ 'വലിയ വീടി'ന്റെ(വിശ്വാസസമൂഹം) അന്ത്യകാലത്തെ ചിത്രമാണിത്. വിശ്വാസികൾ എന്നു പേരുണ്ടെങ്കിലും ആത്മീയതയുടെ പുറമേയുള്ള വേഷത്തിൽ അഭിരമിക്കുകയും ആന്തരികയാഥാർത്ഥ്യത്തെ നിരാകരിക്കുകയും ചെയ്യുന്നവർ. ഇവരുടെ വാക്കുകൾ ശരിയാണ്. എന്നാൽ പ്രവൃത്തിയും മനോഭാവവും ശരിയല്ല. കർത്താവ് ഇന്ന് അക്ഷരാർത്ഥത്തിൽ ഭൂമിയിൽ ഉണ്ടായിരുന്നെങ്കിൽ ഇവരെ നോക്കിയും പറയുമായിരുന്നു: 'ഇവർ നിങ്ങളോടു പറയുന്നതൊക്കെയും പ്രമാണിച്ച് ചെയ്യുവിൻ, ഇവരുടെ പ്രവൃത്തികൾ പോലെ ചെയ്യരുത് താനും'

മുകളിൽ വിവരിച്ച അന്ത്യകാലവിശ്വാസസമൂഹത്തിന്റെ ലക്ഷണങ്ങൾ പരിശോധിച്ചാൽ ആത്മികതയുടെ ആന്തരികയാഥാർത്ഥ്യം എന്തെന്ന് മനസ്സിലാക്കാൻ കഴിയും. 2 തിമൊ. 3:1–5 ഭാഗത്ത് മൂന്ന് സ്നേഹങ്ങളെക്കുറിച്ചും രണ്ട് സ്നേഹമില്ലായ്മകളെക്കുറിച്ചും പറയുന്നു.ബാഹ്യമായ ആത്മീയത മാത്രമുള്ള വിശ്വാസികൾക്കുള്ള മൂന്ന് സ്നേഹങ്ങൾ സ്വസ്നേഹം (lovers of self), ദ്രവ്യാഗ്രഹം( പണസ്നേഹം Lovers of Money), ഭോഗപ്രിയം (lovers of pleasure) എന്നിവയാണ്. അവരുടെ രണ്ട് സ്നേഹമില്ലായ്മകൾ സൽഗുണദ്വേഷം (non- lovers of good) ദൈവപ്രിയമില്ലായ്മ (non-lovers of God) എന്നിവയും.

ബാഹ്യമായ ആത്മീയതയുടെ നേരേ എതിരാണല്ലോ ആന്തരികമായ ആത്മീയത. അപ്പോൾ ബാഹ്യമായ ആത്മീയത കയ്യാളുന്നവരുടെ മൂന്ന് സ്നേഹങ്ങളെ-സ്വസ്നേഹം, പണസ്നേഹം, ഭോഗപ്രിയം- നാം നിരാകരിക്കുകയും അവരുടെ രണ്ട് സ്നേഹമില്ലായ്മകൾക്കു പകരം അവ രണ്ടിനേയും സ്നേഹിക്കുകയും-ദൈവത്തെ സ്നേഹിക്കുക, നന്മയെ സ്നേഹിക്കുക-ചെയ്താൽ നാം ആന്തരികമായ ആത്മീയത ഉള്ളവരായി മാറും.നന്മയെ സ്നേഹിക്കുക എന്നു പറഞ്ഞാൽ ദൈവത്തെ സ്നേഹിക്കുകതന്നെയാണ്. കാരണം ആത്യന്തിക നന്മ ദൈവം തന്നെയാണല്ലോ (മർക്കോ.10:18).

ആത്മീയതയുടെ ആന്തരിക യാഥാർത്ഥ്യം എന്നു പറയുന്നതു കർത്താവിനോടുള്ള സ്നേഹമാണ്. 'നിന്റെ ദൈവമായ കർത്താവിനെ നീ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന' (മത്തായി 22:37,38).ഈ ചെറിയ വാക്യത്തിൽ പൂർണത എന്ന പ്രയോഗം മൂന്നുവട്ടം ഉണ്ടെന്നതു ശ്രദ്ധിക്കുക.

ചുരുക്കത്തിൽ കർത്താവിനോടുള്ള പൂർണസ്നേഹം–അതാണ് ആന്തരികമായ ആത്മീയതയെ അർത്ഥപൂർണമാക്കുന്നത്. ബാഹ്യമായ ആത്മീയതയിൽ അഭിരമിക്കുന്നവരിൽ കർത്താവിനോടുള്ള സ്നേഹം കേവലം ആശയതലത്തിൽ മാത്രമായിരിക്കും.

ബാഹ്യമായ ആത്മീയതയുടെയും ആന്തരികമായ ആത്മീയതയുടെയും പ്രതിനിധികളായ രണ്ടു പേരോട് യേശു ഇടപെട്ടത് വിലപ്പെട്ട ചില ആത്മീയപാഠങ്ങൾ കണ്ടെത്താൻ നമ്മെ സഹായിക്കും. ലൂക്കോസിന്റെ സുവിശേഷം 7:36–50 വാക്യങ്ങളിലാണ് നാം ഇവരെ കാണുന്നത്. ഇവിടെ ശീമോൻ എന്ന പരീശൻ ബാഹ്യമായ ആത്മീയതയുടെ വക്താവായി നിൽക്കുമ്പോൾ 'പട്ടണത്തിലെ പാപിയായ സ്ത്രീ' യഥാർത്ഥ ആന്തരിക ആത്മീയതയെ പ്രതിനിധാനം ചെയ്യുന്നു. കർത്താവിനെ വളരെയധികം സ്നേഹിച്ചു എന്നതാണവളുടെ പ്രത്യേകത.

കർത്താവിനെ അധികം സ്നേഹിക്കാൻ എന്താണവളെ പ്രേരിപ്പിച്ചത്? തനിക്ക് അധികം ഇളച്ചു കിട്ടി (താൻ വലിയ പാപിയാണ്) എന്ന ബോധ്യമാണ് അതിനവളെ സഹായിച്ചത്.'അധികം ഇളച്ചുകിട്ടയവൻ അധികം സ്നേഹിക്കും' (7:42). പരീശന് ഇല്ലാതിരുന്നതും ആ ബോധ്യമാണ്. അവന്റെ നോട്ടത്തിൽ താൻ വലിയ പാപിയല്ല. തനിക്ക് അല്പം (50 വെള്ളിക്കാശു മാത്രം) മാത്രമാണ് ഇളച്ചുകിട്ടത്. ഫലം അവന്റെ സ്നേഹവും കുറവാണ്. കാരണം 'അല്പം മോചിച്ചു കിട്ടയവൻ അല്പം സ്നേഹിക്കുന്നു' (7:47). ചുരുക്കത്തിൽ ഈ സംഭവം വിരൽചൂണ്ടുന്നത് ഒരു സത്യത്തിലേക്കാണ്–എത്രത്തോളം ഇളച്ചു കിട്ടിയെന്നു ബോധ്യമാണ്(പാപബോധത്തിന്റെ അളവാണ്) സ്നേഹത്തിന്റെ അളവിനെ നിർണയിക്കുന്നത്.

നമ്മിൽ പലർക്കും ഈ രണ്ടു കഥാപാത്രങ്ങളിൽ പാപിനിയായ സ്ത്രീയോടുള്ളതിനെക്കാൾ പരീശനോടാണു സാമ്യം. കാരണം, പട്ടികയിൽപെട്ട 'വലിയ' പാപങ്ങൾ പലരും ചെയ്തിട്ടില്ല. 'അതുകൊണ്ട് കർത്താവിനോടുള്ള സ്നേഹം പെരുകേണ്ടതിനു നാം ഇനി പാപം ചെയ്കയെന്നോ? അല്ല. ഒരുനാളും അരുത്'. അതല്ല അതിന്റെ മാർഗ്ഗം. മറിച്ച് പാപത്തെക്കുറിച്ച് ദൈവത്തിന്റെയും ദൈവവചനത്തിന്റെയും കാഴ്ചപ്പാടിലേക്കു വന്നാൽ മതി.

പലരുടേയും പാപത്തിന്റെ നിർവചനം വളരെ ഉപരിപ്ലവമായതിനാലാണ് അവരുടെ പാപബോധവും ആഴം കുറഞ്ഞതായിരിക്കുന്നത്. ചെയ്യുന്ന തെറ്റുകൾ



*(ശേഷം പേജ് 21 ൽ)*

ജീവമൊഴികൾ

സന്ദേശം

# ബാഹ്യവും ആന്തരികവുമായ ആത്മീയത

മൈക്കൽ മോളിനോസ്

രണ്ടു തരത്തിലുള്ള ആത്മീയരുണ്ട്. ആന്തരികമായി ആത്മീയരും പുറമെ ആത്മീയരും. പുറമെ ആത്മീയരായവർ, യുക്തി, ഭാവന, ചിന്ത, ദീർഘനേരത്തെ ധ്യാനം എന്നിത്യാദികളിലൂടെയാണു ദൈവത്തെ അന്വേഷിക്കുന്നത്.ഇന്ദ്രിയതലത്തിലുള്ള ഭക്തി യഥാർത്ഥമല്ല - അനുഭൂതികളോ, അധികം കണ്ണുനീരോ അതിനില്ല.നമുക്കു കർത്താവിനോടുള്ള ഭക്തിയുടെ അടിസ്ഥാനം യുക്തിയോ, വികാരങ്ങളോ ആയിക്കൂടാ. നിങ്ങളുടെ തോന്നലുകൾ, ചിന്തകൾ, യുക്തിപൂർവ്വമായ അനുമാനങ്ങൾ, ചിന്താക്കുഴപ്പം, സംശയം, ദാരിദ്ര്യം, അനാരോഗ്യം, ശത്രുക്കൾ, പ്രശ്നങ്ങൾ എന്നിവ നിമിത്തമുള്ള ഭക്തി, ആന്തരികമായ യഥാർത്ഥ ഭക്തിക്കു തടസ്സം തന്നെയാണ്.

കർത്താവിനോടൊത്തുള്ള സമയങ്ങൾ മധുരവും ആനന്ദപ്രദവും ആയിരിക്കുമ്പോൾ, ചില വിശ്വാസികൾ ധരിക്കുന്നത് അവർ ദൈവത്തിനു പ്രിയങ്കരരായിരിക്കുന്നുവെന്നാണ്.ദൈവത്തെ സ്വന്ത



*ദൈവത്തെ വാസ്തവമായി അന്വേഷിക്കുവാനും ദൈവത്തോടുകൂടി നടക്കുവാനും ആഗ്രഹിക്കുന്നവിശ്വാസികളിൽ മിക്കവരും വാതിൽക്കൽതന്നെ വഴിമുട്ടി നിൽക്കുന്നതിന്റെ കാരണമെന്ത്?*

പുറമെ കർത്താവിനെ അന്വേഷിക്കുന്നവർ, എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിപ്പാൻ ആഗ്രഹിക്കുന്നവരാണ്.പുറമെയുള്ള ബലഹീനതകളെ ഇല്ലായ്മചെയ്യാനും, മോഹങ്ങൾക്കെതിരെ പോരാടാനും, ആത്മീയജ്ഞാനം നേടാനും, തിരുവചനത്തിൽ അറിവു സമ്പാദിപ്പാനും ഒക്കെ അവർ വളരെ ഉത്സാഹിക്കുന്നു.എന്നാൽ ദൈവത്തെ അറിയുവാനുള്ള ബാഹ്യമായ പരിശ്രമങ്ങളെല്ലാം പ്രയോജനരഹിതം തന്നെ. നമ്മുടെ സ്വന്ത ഭാവത്തോടല്ല, കർത്താവിന്റെ ദിവ്യസ്വഭാവത്തോടു നാം കൂടുതൽ അനുരൂപരാകണമെങ്കിൽ, ഒരു ആന്തരിക നടപ്പു നാം ഇഷ്ടപ്പെട്ടേ മതിയാകൂ.

മാക്കിയിരിക്കുന്നതായി അവർ കരുതുകയും ഈ ഇമ്പകരമായ ബന്ധത്തിനായി മുഴജീവിതവും ഏല്പിച്ചുകൊടുക്കാൻ ഒരുമ്പെടുകയും ചെയ്യുന്നു.

ഊഷ്മളതയുള്ള സ്നേഹത്തിലും വൈദഗ്ദ്ധ്യമുള്ള പ്രാർത്ഥനയിലും ആനന്ദം കണ്ടെത്തുന്നവരുണ്ട്.ദൈവത്തെക്കുറിച്ചു സംസാരിക്കുന്നതുതന്നെയും അവർക്കു വലിയ സന്തോഷമാണ്. ഇവ്വിധ പ്രവൃത്തികളിലൂടെ മഹത്വം അന്വേഷിക്കുകയും ദൈവത്തിന്റെ സാമീപ്യമനുഭവിപ്പാൻ ബദ്ധപ്പെടുകയും ചെയ്യുന്നവരുമാണവർ.മേല്പറഞ്ഞവയെല്ലാം നമ്മുടെ സ്വന്തഭാവത്തിന്റെ പ്രതിഫലനം മാത്രമാണ്.ഈ മിഥ്യാഭ്രമങ്ങളിൽനിന്നും, നമ്മുടെ ഹൃദയത്തിന്റെ ഗതി മാറിപ്പോകുന്നില്ലായെങ്കിൽ, കർത്താവുമായി ഒരു സത്യബന്ധത്തിൽ നാം ഒരിക്കലും എത്തിച്ചേരുകയില്ല.

ഇവ്വണ്ണം ജീവിക്കുന്നവർ അൻപതു വർഷങ്ങൾക്കു ശേഷവും യഥാർത്ഥത്തിൽ ദൈവത്തോട് അടുത്തചെന്നിട്ടില്ലയെന്നതാണ് പരമാർത്ഥം.എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭത്തിൽ ഇത്തരം അനുഭവങ്ങളിൽകൂടി കടന്നുപോകുന്നത് സ്വാഭാവികം മാത്രമാണ്.ഈ പ്രാരംഭപടികൾ പിന്നിട്ട് മുമ്പോട്ടുപോകുന്നവരാണ് യഥാർത്ഥ ആത്മീയർ.നിവർന്ന മുഖത്തോടും, ഉണർത്തപ്പെട്ട ആത്മാവോടും, അവർ കർത്താവിന്റെ സന്നിധിയിൽ വിശ്വാസത്തോടെ വരുന്നു- ദൈവത്തെക്കുറിച്ചു ഭാവനാചിത്രങ്ങളില്ലാതെ അവരുടെ ബോധമണ്ഡലം മുഴുവൻ കർത്താവിൽ കേന്ദ്രീകരിച്ചിരിക്കുന്നു, അവർ ആന്തരിക സ്വസ്ഥതയിലായിരിക്കുന്നു.

അങ്ങനെയുള്ളവർ, ദൈവകരങ്ങൾ തന്നെ ഒരുക്കിയ പല കഷ്ടങ്ങളിലൂടെ കടന്നുപോകുന്നവരും എല്ലാ കഷ്ടങ്ങളിലും തങ്ങളെത്തന്നെ നിഷേധിക്കുന്നവരും ആകുന്നു. അവർ എല്ലാം പരീക്ഷകളിലും ശോധനയിലും നിത്യമായ ലാഭം കൊയ്യുന്നവരാണ്. യാതൊരുവിധ വാർത്തയും അത്യധികം ആനന്ദമോ, അത്യധികം ദു:ഖമോ അവർക്കു നൽകുന്നില്ല. പീഡ അവരെ തളർത്തിക്കളയുന്നില്ല. അവർ ദൈവഭയത്താൽ ഭരിക്കപ്പെട്ടവരും, ദൈവിക കൂട്ടായ്മയിൽ വിശ്രമിക്കുന്നവരുമാകുന്നു.

പുറമെ കർത്താവിനെ അന്വേഷിക്കുന്നവർ, എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിപ്പാൻ ആഗ്രഹിക്കുന്നവരാണ്.പുറമെയുള്ള ബലഹീനതകളെ ഇല്ലായ്മചെയ്യാനും, മോഹങ്ങൾക്കെതിരെ പോരാടാനും, ആത്മീയജ്ഞാനം നേടാനും, തിരുവചനത്തിൽ അറിവു സമ്പാദിപ്പാനും ഒക്കെ അവർ വളരെ ഉത്സാഹിക്കുന്നു.എന്നാൽ ദൈവത്തെ അറിയുവാനുള്ള ബാഹ്യമായ പരിശ്രമങ്ങളെല്ലാം പ്രയോജനരഹിതം തന്നെ.

നിങ്ങളുടെ സുപ്രധാനമായ ആവശ്യം നിർമ്മലമായ ആത്മാവാണ് എന്നുഗ്രഹിക്കണം. നമ്മുടെ സ്വന്ത ഭാവത്തോടല്ല,





കർത്താവിന്റെ ദിവ്യസ്വഭാവത്തോടു നാം കൂടുതൽ അനുരൂപരാകണമെങ്കിൽ, ഒരു ആന്തരിക നടപ്പു നാം ഇഷ്ടപ്പെട്ടേ മതിയാകൂ. ഈ ആന്തരിക നടപ്പിൽ നിങ്ങളുടെ ജീവിതത്തിന്റെ മാർഗ്ഗദർശിയായി കർത്താവിനെ കാണുകയും, ഉണങ്ങിവരണ്ട സ്ഥാനത്തും, അന്ധകാരം നിറഞ്ഞ ഇടങ്ങളിലും അവൻ നിങ്ങളുടെ വെളിച്ചമായിരിപ്പാൻ അനുവദിക്കുകയും വേണം.

ഒന്നും സംഭവിക്കാതെയിരിക്കുമ്പോൾ, നിങ്ങൾ ഒരിക്കലും സമയം പാഴാക്കുകയല്ല.'ദൈവത്തെ കാത്തിരിക്കാത്തതാണ്, യഥാർത്ഥത്തിൽ അലസത' എന്ന വാക്കുകൾ ജ്ഞാനത്തിന്റെ വാക്കുകൾ തന്നെ. മറ്റു കാര്യങ്ങളിലുള്ള തിരക്ക്- ദൈവത്തിനായി സമയമില്ലാത്ത അവസ്ഥ- അതാണ് യഥാർത്ഥ അലസത.കർത്താവിനോട് അടുത്തുചെല്ലുകയും, അവന്റെ ആന്തരിക പ്രചോദനം അനുസരിക്കുകയും, ഹൃദയത്തിന്റെ ഉള്ളറയിൽ ആ ദിവ്യസ്വാധീനം കൈക്കൊള്ളുകയും ചെയ്തുകൊണ്ട്, നിങ്ങളുടെ ഇച്ഛകൊണ്ട് അവനെ ബഹുമാനിക്കുകയും ചെയ്യുന്ന വഴിയാണ് യഥാർത്ഥ ആത്മീയതയുടെ വഴി. സ്നേഹത്തിന്റെ പ്രേരണയാൽ നിങ്ങളുടെ മുഴജീവിതവും ദൈവത്തിൽ കേന്ദ്രീകരിക്കുന്ന വഴിയാണത്. ഇവ്വണ്ണം, ക്രിസ്ത്യാനി തന്റെ ആത്മാവിന്റെ ഉള്ളറയിൽ നിന്നു കൊണ്ടു വ്യർത്ഥമായ പരിശ്രമങ്ങൾ കൂടാതെ പരിശുദ്ധാത്മാവിൽ ജീവിക്കുന്നു. ബാഹ്യമായ മാർഗ്ഗത്തിനു സ്വതന്ത്രനാക്കാൻ കഴിയാത്ത അനേക കാര്യങ്ങളിൽ നിന്നും അവൻ സ്വതന്ത്രനായിത്തീരുന്നു. കർത്താവു തന്നെ അവനിൽ പ്രവർത്തിക്കുന്നു. മോഹങ്ങൾ കീഴടക്കപ്പെടുകയും, അപൂർണ്ണതകൾ ഇല്ലാതെയാകുകയും, നന്മയും സൽഗുണങ്ങളും ഉളവായി വരികയും ചെയ്യുന്നു.

ദിവ്യപ്രകാശനത്താലാണ് ഒരു ക്രിസ്തുശിഷ്യൻ തന്റെ അരിഷ്ടതയും, ബലഹീനതകളും, അപൂർണ്ണതകളും ഗ്രഹിക്കുന്ന

ഒന്നും സംഭവിക്കാതെയിരിക്കുമ്പോൾ, നിങ്ങൾ ഒരിക്കലും സമയം പാഴാക്കുകയല്ല.'ദൈവത്തെ കാത്തിരിക്കാത്തതാണ്, യഥാർത്ഥത്തിൽ അലസത' എന്ന വാക്കുകൾ ജ്ഞാനത്തിന്റെ വാക്കുകൾ തന്നെ. മറ്റു കാര്യങ്ങളിലുള്ള തിരക്ക്- ദൈവത്തിനായി സമയമില്ലാത്ത അവസ്ഥ- അതാണ് യഥാർത്ഥ അലസത. കർത്താവിനോട് അടുത്തുചെല്ലുകയും, അവന്റെ ആന്തരിക പ്രചോദനം അനുസരിക്കുകയും, ഹൃദയത്തിന്റെ ഉള്ളറയിൽ ആ ദിവ്യസ്വാധീനം കൈക്കൊള്ളുകയും ചെയ്തുകൊണ്ട്, നിങ്ങളുടെ ഇച്ഛകൊണ്ട് അവനെ ബഹുമാനിക്കുകയും ചെയ്യുന്ന വഴിയാണ് യഥാർത്ഥ ആത്മീയതയുടെ വഴി.

ത്.തന്നെത്തന്നെ വെറുത്തുകൊണ്ട് അവൻ സ്നേഹപൂർണ്ണമായ ദൈവഭയത്തിൽ ദൈവമുമ്പാകെ വസിക്കുന്നവനാണ്.സ്വയാശ്രയം വിട്ടുകളയും, സ്വയത്തെ നിഷേധിക്കുകയും ചെയ്യുമ്പോൾ തന്നെ, ദൈവത്തിലുള്ള അവന്റെ പ്രത്യാശയും പ്രശംസയും വലിയതായിരിക്കുന്നു.

അവൻ ദൈവമുമ്പാകെ വരുമ്പോൾ തന്റെ ഏതെങ്കിലും സൽപ്രവൃത്തിയെക്കുറിച്ചോ, അനുഭവിക്കുന്ന കഷ്ടങ്ങളെക്കുറിച്ചോ പറയുകയോ ചിന്തിക്കുകയോ ചെയ്യുന്നില്ല.അവന്റെ ഹൃദയം, ദൈവത്തിങ്കലേക്കുള്ള ആന്തരിക മാർഗ്ഗത്തിൽ അവൻ വച്ചിരിക്കുന്നു. അന്തരാത്മാവിലുള്ള ആ വിശ്രമത്തിൽ ബാഹ്യ പരിശ്രമങ്ങൾ അപ്രസക്തമായിരിക്കുന്നു-ദൈവത്തെക്കുറിച്ചും, ദൈവത്തോടുമുള്ള ഭാഷണങ്ങൾപോലും. അന്തരംഗത്തെ ആത്മാവിന്റെ രഹസ്യകേന്ദ്രത്തിൽ കർത്താവിനെ അറിഞ്ഞുകൊണ്ടിരിപ്പാനും, ദിവ്യമായ സ്വാധീനവലയത്തിൽ ഭയഭക്തിയോടെ

ആയിരിപ്പാനും അവൻ അത്യന്തം വാഞ്ഛിക്കുന്നു.

ഇത്ര അനുഗ്രഹിക്കപ്പെട്ട അവസ്ഥയിൽ വളരെക്കുറച്ചു വിശ്വാസികൾ മാത്രം എത്തുന്നതിന്റെ കാരണം എന്താണ്? കാരണം വളരെക്കുറച്ചു പേർ മാത്രമെ രൂപാന്തരത്തിന്റെയും ആന്തരിക ശുദ്ധീകരണത്തിന്റെയും മാർഗ്ഗം സ്വീകരിക്കാനും ദൈവത്തെ അന്വേഷിച്ചുകൊണ്ടു താഴ്ചയിലാകട്ടെ, നേട്ടങ്ങളിലാകട്ടെ, യഥാർത്ഥ വിനയത്തോടെ അവന്റെ മുമ്പിൽ ജീവിക്കുവാനും ഒരുക്കമുള്ളവരായിട്ടുള്ളൂ.

ഒരുപക്ഷേ മിക്ക വിശ്വാസികളും ദൈവത്തെ വാസ്തവമായി അന്വേഷിക്കുവാനും ദൈവത്തോടുകൂടി നടക്കുവാനും ആഗ്രഹിക്കുന്നവരാണ്. എന്നാൽ വാതിൽക്കൽതന്നെ മിക്കവരും വഴിമുട്ടി നിൽക്കുന്നതിന്റെ കാരണമെന്ത്? നമ്മിൽ ചുരുക്കംപേർ മാത്രമേ കർത്താവിനോടുകൂടി മരിക്കാൻ തയ്യാറുള്ളൂ. ഇതിനു നാം ഒരുക്കമുള്ളവരെങ്കിൽ മേൽപ്പറഞ്ഞ വിലപ്പെട്ട ദാനം നാം കണ്ടെത്തുകതന്നെ ചെയ്യും. ❖


## ജീവമൊഴിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തീയ സമ്മേളനം

ആഴമേറിയ ക്രിസ്തീയജീവിതത്തെക്കുറിച്ചുള്ള സന്ദേശം.
നിങ്ങളുടെ ക്രിസ്തീയജീവിതത്തിന് ഈ സമ്മേളനം
പുതിയൊരു ദിശാബോധം നൽകും.

**സ്ഥലം:**

**കോഴഞ്ചേരി വ്യാപാരഭവൻ**
(സെന്റ് തോമസ് മാർത്തോമ്മ ഓഡിറ്റോറിയത്തിനു സമീപം)

**തീയതി, സമയം:**
**2013 ഓഗസ്റ്റ് 28 ബുധനാഴ്ച**
**വൈകുന്നേരം 4 മുതൽ 6 വരെ**

പ്രാർത്ഥനയോടെ വരിക
ഏവർക്കും സ്വാഗതം

**കൂടുതൽ വിവരങ്ങൾക്ക് 9446650658, 9400658404**

മനലികനപത്യങ്ങളെ മൂല്യമുള്ള ജീവിതത്തിന്






ഇത്തിരിവെട്ടം

# വചനത്തിന് അനുസൃതമായ വിശ്വാസം

**ജോർജ്ജ് മുള്ളർ**

**വി**ശ്വാസം എന്നാൽ എന്ത്? ഏറ്റവും ലളിതമായ രീതിയിൽ ഞാൻ അതിനെ വിശദീകരിച്ചാൽ,എന്റെ ഉത്തരം: ദൈവം തന്റെ വചനത്തിൽ അരുളിച്ചെയ്തിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്നും തന്റെ വചനത്തിൽ പറഞ്ഞിട്ടുള്ളതുപോലെ അവിടുന്ന് പ്രവർത്തിക്കുമെന്നുമുള്ള ഉറപ്പാണ് വിശ്വാസം.

ഈ നിശ്ചയമാണ്, ദൈവവചനത്തിലുള്ള ഈ ആശ്രയത്വമാണ്, ഈ ആത്മവിശ്വാസമാണ്- വിശ്വാസം.നമ്മുടെ തോന്നലുകളെയൊന്നും വിശ്വാസവുമായി ബന്ധപ്പെടുത്തുവാൻ പാടില്ല. നമ്മുടെ തോന്നലുകൾക്കോ ബോധ്യങ്ങൾക്കോ വിശ്വാസവുമായി ഒരു ബന്ധവുമില്ല.ശക്തമായതോ ദുർബ്ബലമായതോ ആയ തോന്നലുകൾക്ക് ഒരു വ്യത്യാസവും ഉളവാക്കുവാൻ കഴിയില്ല.നമ്മിലോ നമ്മുടെ തോന്നലുകളിലോ അല്ല നമ്മുടെ ഉറപ്പ്, മറിച്ച്, എഴുതപ്പെട്ട വചനവുമായിട്ടാണ് നമ്മുടെ ബന്ധം.

സാധ്യതകളെ കണക്കിലെടുക്കേണ്ടതില്ല.സാധ്യമെന്ന് തങ്ങൾക്ക് തോന്നുന്നതിൽ വിശ്വാസമർപ്പിക്കുവാൻ ആളുകൾ തയ്യാറാണ്.വിശ്വാസത്തിനു സാധ്യതകളുമായി ഒരു ബന്ധവുമില്ല.സാധ്യതകൾ ഇല്ലാതാകുമ്പോഴും, കാഴ്ചയും യുക്തിയും പരാജയപ്പെടുമ്പോഴുമാണ് വിശ്വാസത്തിന്റെ പ്രസക്തി ആരംഭിക്കുന്നത്.

വിശ്വാസത്തിന്റെ അഭാവത്തെക്കുറിച്ചോർത്ത് വിലപിക്കുകയും വിഷാദിക്കുകയും ചെയ്യുന്ന ധാരാളം ദൈവമക്കളുണ്ട്.തോന്നലുകളോ വികാരങ്ങളോ ഇല്ല എന്നും തങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ സംഭവിക്കുവാൻ യാതൊരു സാധ്യതയും കാണുന്നില്ല എന്നൊക്കെയാണ് അവർ പറയുന്നത്. കാണുന്ന കാര്യങ്ങളെ കണക്കിലെടുക്കേണ്ടതില്ല. ദൈവം തന്റെ വചനത്തിൽ അത് അരുളിച്ചെയ്തിട്ടുണ്ടോ എന്നതാണ് കാര്യം.

അതിനാൽ, ഇപ്പോൾ, പ്രിയപ്പെട്ട ക്രിസ്തീയ സുഹൃത്തേ, ദൈവം തന്റെ വചനത്തിൽ അരുളിച്ചെയ്തിട്ടുള്ളവയിൽ വിശ്വാസമർപ്പിക്കുന്ന ശീലം നിങ്ങളുടെ അന്തരാത്മാവിൽ രൂപപ്പെടുത്തുവാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ എന്നു സ്വയം ചോദിക്കുക. കൂടാതെ, നിങ്ങൾ ആഗ്രഹിക്കുന്ന കാര്യം ദൈവം തന്റെ വചനത്തിൽ പറഞ്ഞിട്ടുള്ളതിന് അനുസൃതമായതാണെന്ന് കണ്ടെത്തുവാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ?

**പരിശോധന: വിശ്വാസത്തിന്റെ ആഹാരം**

തന്റെ മക്കളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിൽ ദൈവം സന്തുഷ്ടനാ

**ദൈവവചനത്തിലുള്ള ആശ്രയത്വമാണ്, ഈ ആത്മവിശ്വാസമാണ് വിശ്വാസം.നമ്മുടെ തോന്നലുകളെയൊന്നും വിശ്വാസവുമായി ബന്ധപ്പെടുത്തുവാൻ പാടില്ല. നമ്മുടെ തോന്നലുകൾക്കോ ബോധ്യങ്ങൾക്കോ വിശ്വാസവുമായി ഒരു ബന്ധവുമില്ല.ശക്തമായതോ ദുർബ്ബലമായതോ ആയ തോന്നലുകൾക്ക് ഒരു വ്യത്യാസവും ഉളവാക്കുവാൻ കഴിയില്ല.നമ്മിലോ നമ്മുടെ തോന്നലുകളിലോ അല്ല നമ്മുടെ ഉറപ്പ്. മറിച്ച്, എഴുതപ്പെട്ട വചനവുമായിട്ടാണ് നമ്മുടെ ബന്ധം.**

ണ്.തുടക്കത്തിൽ ദുർബ്ബലമായ നമ്മുടെ വിശ്വാസം, ഉപയോഗത്തിലൂടെ കൂടുതൽ വളർച്ച പ്രാപിക്കുകയും ശക്തിപ്പെടുകയുമാണ് ചെയ്യുന്നത്. നമുക്ക് ഇഷ്ടമില്ലെങ്കിലും, ക്ഷമയുടെ അഭ്യസനത്തിനും വിജയത്തിനുമായി പരിശോധനകളെ ദൈവകരങ്ങളിൽനിന്നും സ്വീകരിക്കുവാൻ നാം തയ്യാറാവണം.വ്യക്തമായി തന്നെ ഞാൻ പറയട്ടെ, പരിശോധനകളും തടസ്സങ്ങളും ബുദ്ധിമുട്ടുകളും ചിലപ്പോൾ പരാജയങ്ങളുമൊക്കെയാണ് വിശ്വാസത്തിന്റെ ആഹാരം.ദൈവത്തിന്റെ പ്രിയപ്പെട്ട പല മക്കളിൽനിന്നും എനിക്ക് ലഭിക്കുന്ന കത്തുകളിൽ കാണുന്നതിതാണ്, "പ്രിയപ്പെട്ട മുള്ളർ സഹോദരാ, വിശ്വാസത്തിൽ വളരെ ക്ഷീണിതനും ബലഹീനനുമായതിനാലാണ് ഞാനിതെഴുതുന്നത്".

നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാൻ നാം ദൈവത്തോട് ആവശ്യപ്പെടുമ്പോൾ അതിനുള്ള മാർഗ്ഗത്തെ ദൈവകരങ്ങളിൽ നിന്നും സ്വീകരിക്കുവാനും നാം തയ്യാറായിരിക്കണം.പരിശോധനകളും പ്രതികൂലങ്ങളും നഷ്ടങ്ങളുമൊക്കെയുപയോഗിച്ച് നമ്മെ അഭ്യസിപ്പിക്കുവാൻ ദൈവത്തിന് അനുവാദം കൊടുക്കണം.പ്രതികൂലങ്ങളിലൂടെയാണ് വിശ്വാസത്തിന്റെ അധികമായ പ്രയോഗവും വളർച്ചയും സാധ്യമാകുന്നത്.

അവിടുന്ന് നമ്മിൽ ചെയ്യുവാനാഗ്രഹിക്കുന്നതെല്ലാം തടസ്സം കൂടാതെ നമ്മിൽ നടക്കേണ്ടതിന്,വാത്സല്യത്തോടെ ചില കഷ്ടതകൾ ദൈവം അനുവദിച്ചാൽ, അതിനെ ഒഴിവാക്കുവാൻ നാം തയ്യാറാകരുത്. നമ്മിൽ ശക്തിയോടെ വളരണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്ന ആ വിശ്വാസത്തിന്റെ വർദ്ധനയ്ക്കായിട്ട്, വേദനകളും നഷ്ടങ്ങളും ശോധനകളും തടസ്സങ്ങളുമൊക്കെ നമുക്ക് അവിടുന്ന് നൽകിയാൽ, തന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും തെളിവായിക്കണ്ട് അവയെ തന്റെ കരങ്ങളിൽ നിന്നും സ്വീകരിക്കുവാൻ നാം തയ്യാറാവണം. ദൈവം സ്നേഹവാനാണെന്നുള്ള നിർണ്ണയത്തിലേക്ക് അങ്ങനെ നാം എത്തിച്ചേരുന്നു. തന്നിൽ നാം തൃപ്തരാകുമ്പോൾ,

"അവിടുന്നെന്റെ പിതാവാകയാൽ, അവിടുത്തെ ഇഷ്ടം പോലെ താൻ ചെയ്യട്ടെ" എന്നു നാം പറയുവാനിടയാകും.

എന്നിൽ പ്രവർത്തിക്കുവാൻ ഞാൻ ദൈവത്തെ ആദ്യമായി അനുവദിച്ചപ്പോൾ,തന്നിൽ ചാരിക്കൊണ്ട്, തന്റെ വചനത്തിലൂടെ തന്നെ കൈക്കൊണ്ട്, മത്തായി ആറാം അദ്ധ്യായത്തിൽ കാണുന്ന ലളിതമായ വാഗ്ദാനങ്ങളിൽ ആശ്രയിക്കുകയാണ് ഞാൻ ചെയ്തത്. മത്തായി 6:25 മുതൽ 34 വരെ ശ്രദ്ധാപൂർവ്വം വായിക്കുക. ഞാൻ ആ വചനത്തിൽ വിശ്വസിച്ചു.അതിൽ ആശ്രയിച്ച് അവയെ പ്രാവർത്തികമാക്കി. ദൈവത്തെ തന്റെ വചനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ ഞാൻ തയ്യാറായി.

ഒരു ശിശുവിന്റെ ലാളിത്യത്തോടെ ദൈവത്തിൽ ചാരുവാൻ, കഴിഞ്ഞ അര നൂറ്റാണ്ട് കാലത്തെ ശുശ്രൂഷയിൽ





എനിക്കു സാധിച്ചു. എനിക്ക് എന്റേതായ പ്രതികൂലങ്ങളെ നേരിടേണ്ടതായി വന്നു,എന്നാൽ ഞാൻ ദൈവത്തെ മുറുകെപ്പിടിച്ചിരുന്നതിനാൽ, എന്നെ അവയൊന്നും ബാധിച്ചില്ല. ഭാരമെല്ലാം തന്നിൽ ഇടുവാൻ അവിടുന്ന് പറയുമ്പോൾ അത് വെറും അനുവാദമായിട്ടല്ല മറിച്ച് തന്റെ കല്പനയായിട്ടാണ് നാം കരുതേണ്ടത്. അതെ, അതു നമുക്ക് ചെയ്യാം! ക്രിസ്തുവിലുള്ള എന്റെ പ്രിയ സഹോദരി സഹോദരന്മാരേ, "നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും." (സങ്കീ. 55:22). ഓരോ ദിവസവും ഞാനത് ചെയ്യുന്നു. ഇന്നുരാവിലെ, ഞാൻ ഇടയനായിരിക്കുന്ന സഭയുടെ അറുപത് വിഷയങ്ങളാണ് കർത്താവിന്റെ മുമ്പാകെ ഞാൻ കൊണ്ടുവന്നത്.അങ്ങനെ തന്നെയാണ് ഓരോ ദിവസവും, ഓരോ വർഷവും, കഴിഞ്ഞ പത്ത് വർഷങ്ങൾ, മുപ്പത് വർഷങ്ങൾ, നാൽപത് വർഷങ്ങളായി ഞാൻ ചെയ്യുന്നത്.

**ദൈവത്തിൽ ചാരുക**

വിശ്വാസത്തിന്റെ മുഴുവൻ അളവും ഒറ്റയടിക്ക് പ്രാപിക്കാമെന്ന് കരുതരുത്. വിശ്വാസത്തിന്റെ പൂർണ്ണതയിലേക്ക് എടുത്ത് ചാടുന്നതുപോലുള്ള കാര്യങ്ങളെ ഞാൻ അനുകൂലിക്കുന്നില്ല.എനിക്കുള്ള ചെറിയ വിശ്വാസം പോലും പൊടുന്നനെ ഞാൻ നേടിയെടുത്തതല്ല.വിശ്വാസം ശക്തിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ ഉന്നയിക്കുന്ന ധാരാളം ചോദ്യങ്ങൾ നിറഞ്ഞ എഴുത്തുകൾ എനിക്ക് ലഭിക്കാറുണ്ട്. ദൈവവചനത്തിൽ നിങ്ങളുടെ ഹൃദയം കേന്ദ്രീകരിക്കുക എന്നുള്ളതാണ് വിശ്വാസം വർദ്ധിക്കുവാനുള്ള മാർഗ്ഗം.

"മുള്ളർക്കുള്ളതുപോലെ വിശ്വാസത്തിന്റെ വരം നേടിയെടുക്കുവാൻ എനിക്കൊരിക്കലും കഴിയില്ല", എന്നു ചിലർ പറയുന്നു. ഇതൊരു തെറ്റിദ്ധാരണയാണ്. ഒരു വലിയ പിഴവാണ്. സത്യത്തിന്റെ ഒരു കണികപോലും അതിലില്ല. എല്ലാ ദൈവ

**അവിടുന്ന് നമ്മിൽ ചെയ്യുവാനാഗ്രഹിക്കുന്നതെല്ലാം തടസ്സം കൂടാതെ നമ്മിൽ നടക്കേണ്ടതിന്,വാത്സല്യത്തോടെ ചില കഷ്ടതകൾ ദൈവം അനുവദിച്ചാൽ, അതിനെ ഒഴിവാക്കുവാൻ നാം തയ്യാറാകരുത്. നമ്മിൽ ശക്തിയോടെ വളരണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്ന ആ വിശ്വാസത്തിന്റെ വർദ്ധനവിനായിട്ട്, വേദനകളും നഷ്ടങ്ങളും ശോധനകളും തടസ്സങ്ങളുമൊക്കെ നമുക്ക് അവിടുന്ന് നൽകിയാൽ, തന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും തെളിവായിക്കണ്ട് അവയെ തന്റെ കരങ്ങളിൽ നിന്നും സ്വീകരിക്കുവാൻ നാം തയ്യാറാവണം.**

മക്കൾക്കും ഉണ്ടായിരിക്കേണ്ട അതേ വിശ്വാസം തന്നെയാണ് എന്റേതും.അതു ശിമോൻ പത്രോസിനുണ്ടായിരുന്നതുപോലുള്ളതാണ്.എല്ലാ ക്രിസ്ത്യാനികൾക്കും ഇതേ രീതിയിലുള്ള വിശ്വാസം നേടിയെടുക്കാവുന്നതാണ്.

എന്റെ വിശ്വാസം അവരുടെ വിശ്വാസം തന്നെയാണ്.എന്നാൽ എന്റെ വിശ്വാസം പ്രയോഗത്തിലൂടെ അവരുടേതിൽ അധികമായി വളർച്ചപ്രാപിച്ചിരിക്കുന്നു എന്നതാണ് വ്യത്യാസം. എന്റെ വിശ്വാസം അവരുടേതിലും വ്യാപാരം ചെയ്യപ്പെടുന്നു എന്നതൊഴിച്ചാൽ ഞാൻ പ്രയോഗിക്കുന്ന അതേ വിശ്വാസമാണ് അവരുടേതും.

എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, ഇപ്പോൾ ചെറിയരീതിയിൽ ആരംഭിക്കുക. തന്റെ എഴുതപ്പെട്ട വചനത്തിൽ നൽകിയിരിക്കുന്ന വാഗ്ദാനങ്ങൾക്ക് അനുസരിച്ചുള്ള എന്തിലെങ്കിലുമാണോ നിങ്ങൾ ആശ്രയം വെയ്ക്കുന്നത് എന്ന് ആദ്യമായിത്തന്നെ ശാന്തമായി, ശ്രദ്ധയോടെ കണ്ടെത്തുവാൻ ശ്രമിക്കുക.

**മൊഴിമാറ്റം-ബോബി കുര്യൻ.❖**

ദൈവം യോജിപ്പിച്ചത്

**ഡൊറോത്തിയും വില്യംകേരിയും-5**

# ഓട്ടംതികെച്ച് മഹത്വത്തിലേക്ക്

**അജയ് ജോർജ്**

**ഫോർട്ട്** വില്യം കോളജിലെ, അന്ന് ഇന്ത്യ ഭരിക്കാനായി ഇറങ്ങിപ്പുറപ്പെട്ട നല്ലവരും അത്രതന്നെ നല്ലവരല്ലാത്തവരുമായ, വിദ്യാർത്ഥികൾക്ക് ഊർജ്ജസ്വലനായ തങ്ങളുടെ അദ്ധ്യാപകന്റെ ക്രിസ്തീയത ഉൾക്കൊള്ളാതിരിക്കാനാവുമായിരുന്നില്ല.അത്രയേ വില്യംകേരിയും ആഗ്രഹിച്ചുള്ളൂ. 1804 ൽ കോളജിന്റെ മൂന്നാം വാർഷികാഘോഷ വേളയിൽ പ്രധാന പ്രസംഗം സംസ്കൃതത്തിലായിരിക്കണമെന്ന് വെല്ലസ്‌ലി പ്രഭു നിർദ്ദേശിച്ചു.തന്റെ കൊട്ടാരത്തിലെ ഏറ്റവും ഗംഭീരമായ ഹാളാണ് ചടങ്ങിനായി തിരഞ്ഞെടുത്തത്. കൊൽക്കത്തയിലെ ഉന്നതരെല്ലാമുണ്ടായിരുന്നു.ബിസിനസ്സുകാരും ചീഫ് ജസ്റ്റിസും സുപ്രീം കോർട്ടിലെ മറ്റു ജഡ്ജിമാരും, സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥരും സായുധസേനയിലെ ഉന്നതർ തുടങ്ങി പിന്നീട് വൈസ്റോയ് ആയിത്തീർന്ന വെല്ലിങ്ടൺ പ്രഭുവരെ പങ്കെടുത്ത നിറഞ്ഞ സദസ്സ്. ഇവരെക്കൂടാതെ തലപ്പാവണിഞ്ഞ രാജാക്കന്മാരും രാജകുമാരന്മാരും പണ്ഡിതന്മാർ ബ്രാഹ്മണ മേധാവികൾ തുടങ്ങിയവരും അവരവരുടെ ഇരിപ്പിടങ്ങളിലിരുന്നു. അധികാരവും അറിവും സമ്പത്തും അവിടെ അപ്പോൾ ഒത്തുചേർന്നു എന്ന് പറയാം. മനോഹരമായ ആ ഹാളിലേക്ക് കേരി കടന്നുവന്നപ്പോൾ സദസ്സ് നിശ്ശബ്ദമായി. സഭാകമ്പമുണ്ടായിക്കാണും,എങ്കിലും അത് വകവയ്ക്കാതെ അദ്ദേഹം വിഷയം അവതരിപ്പിച്ചു. ഭാരതത്തിലെ പ്രാചീന ഭാഷയിൽ ഒരു യൂറോപ്യൻ ചെയ്ത ആദ്യത്തെ പ്രസംഗമായിരുന്നു അത്!

1806 ൽ കേരിയെ പ്രൊഫസറാക്കിക്കൊണ്ടുള്ള ഉത്തരവ് വന്നു. ശമ്പളവും വർഷത്തിൽ 1500 പവനാക്കി വർദ്ധിപ്പിച്ചു. ആ പണമെല്ലാം ഇന്ത്യക്കാർ ക്രിസ്തുവിനെ അറിയണമെന്ന ലക്ഷ്യത്തിനായി ചെലവഴിച്ചു. മുപ്പതു കൊല്ലം ഇങ്ങനെ കഴിഞ്ഞു. ബംഗാളി, മറാത്തി, സംസ്കൃതം എന്നിവയിൽ അവഗാഹം നേടിയ അദ്ദേഹത്തോട് കോളേജ് അധികൃതർക്കുള്ള മതിപ്പെന്തായിരുന്നു എന്ന് ഊഹിക്കാൻ സാധിക്കും.എങ്കിലും കേരി എന്നത്തേയും പോലെ ഒരു വിദ്യാർത്ഥിയായി എളിമയിൽ കഴിഞ്ഞു.അറിവുള്ളവരിൽ നിന്ന് ചോദിച്ചും കേട്ടും പുതിയ പുതിയ ഭാഷകൾ പഠിച്ചുകൊണ്ടിരുന്നു.

കൂടുതൽ മിഷനറിമാർ സെറാമ്പൂരിലേക്ക് വന്നു. ഇപ്പോൾ മൂത്തമകൻ ഫെലിക്സിനെയും അവരോടൊപ്പം കണക്കാക്കാനാവുമായിരുന്നു.കുറച്ചുകൂടി വലിയ ഒരു സ്ഥലം മിഷനു വേണ്ടി വാങ്ങി. സാമ്പത്തിക നില ഭദ്രമായിരുന്നല്ലോ. ഫീസിനത്തിൽ സ്കൂളുകളിൽ നിന്നു ലഭിക്കുന്ന ആയിരത്തോളം പവനിൽ നിന്നും മുപ്പത്തിനാല് പവൻ മാത്രമേ സ്വന്തമായി കേരി എടുത്തിരുന്നുള്ളു.





ബംഗാളി പഴയനിയമം രണ്ടു ഭാഗമായി 1802 ലും 1809 ലും പ്രസിദ്ധീകരിച്ചു. ഇനിയിപ്പോൾ അബ്രഹാമിനേയും യാക്കോബിനേയും യോസഫിനേയും ഏലിയാവിനേയുമൊക്കെ സ്വന്തം ഭാഷയിൽ വായിക്കാം. അഹശ്വരശ് രാജാവിനേയും എസ്ഥറിനേയും നേരിട്ടറിയാം.ആനക്കൊമ്പും മയിലും കുരങ്ങുമൊക്കെ ഇറക്കുമതി ചെയ്ത ശലോമോൻ ചക്രവർത്തിയെപ്പറ്റി വായിക്കാം. ഒരുപക്ഷേ അവയെല്ലാം തങ്ങളുടെ നാട്ടിൽ നിന്നായിരിക്കാം അവിടെയെത്തിയതെന്ന് സങ്കൽപ്പിക്കാം. പുതിയ നിയമത്തിലെത്തുമ്പോൾ 'ഇതാ ഇവിടെ ശാലോമോനിലും വലിയവൻ' എന്നു പറഞ്ഞ രക്ഷകനെക്കാണാം. 'എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' എന്നു പറയുമ്പോൾ അത് തങ്ങളോടും കൂടിയുള്ള ആഹ്വാനമാണെന്നവർ നേരിട്ട് മനസ്സിലാക്കി.

മിഷൻ പ്രവർത്തനങ്ങൾ ഇന്ത്യയിൽ അനുവദിക്കണമെന്ന ആവശ്യവുമായി ഇക്കാലമത്രയും നേതാക്കൾ ബ്രിട്ടീഷ് പാർലമെന്റിൽ പോരാടുന്നുണ്ടായിരുന്നു. അതിന്റെ ഫലമെന്നോണം കമ്പനിയുടെ ഭരണഘടന 1813 ൽ പുതുക്കിയപ്പോൾ 'പ്രജകളുടെ മതപരവും ധാർമികവുമായ നിലവാരം ഉയർത്തുന്നതിനാവശ്യമായ അറിവുകൾ അവർക്ക് പകർന്നുകൊടുക്കാൻ ഈ രാജ്യം കടപ്പെട്ടിരുക്കുന്നു' എന്ന ഒരു വാചകം കൂടി എഴുതിച്ചേർക്കപ്പെട്ടു. ചക്രവർത്തി അതിൽ തുല്യം ചാർത്തി എന്നറിഞ്ഞപ്പോൾ അതിനായി പ്രവർത്തിച്ചവരും ആഗ്രഹിച്ചവരും സന്തോഷംകൊണ്ടു തുള്ളിച്ചാടി. ഇന്ത്യയിൽ ഇനി രഹസ്യത്തിൽ സുവിശേഷ പ്രവർത്തനം നടത്തേണ്ടതില്ല. ഔദ്യോഗികമായ തടസ്സപ്പെടുത്തൽ ഇനി ഉണ്ടാകില്ല.ദൈവത്തിൽ നിന്നു വൻകാര്യങ്ങൾ അവർ പ്രതീക്ഷിച്ചിരുന്നല്ലോ. ആ വൻ കാര്യങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു.

മൂന്ന് ആളുകൾ ചേർന്നാൽ ഇത്രയധികം ഭാഷകളിൽ ബൈബിൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ പറ്റുമോ എന്നു ചിലരെങ്കിലും ചിന്തിച്ചു പോയിട്ടുണ്ട്.'നമ്മൾ ഒരുകാര്യം ലക്ഷ്യം വയ്ക്കുകയും അതിനായി പരിശ്രമിക്കുകയും അതിൽത്തന്നെ സ്ഥിരതയോടെയിരിക്കുകയും ചെയ്താൽ എന്തെല്ലാം നേടാമെന്നത് പലർക്കും അറിഞ്ഞുകൂടാ' എന്നാണു കേരി അതിന് ഉത്തരമായി പറഞ്ഞത്.എത്രപ്രാവശ്യം വെട്ടിയും തിരുത്തിയും മാറ്റിയെഴുതിയുമാണ് ഓരോ തർജ്ജമയും ഉണ്ടായതെന്ന് അവർക്കു മാത്രമേ അറിയൂ. ഭാഷാപഠനം പുരോഗമിക്കുംതോറും കൂടുതൽ പരിഷ്കരിച്ച പതിപ്പുകളും വന്നു കൊണ്ടിരുന്നു.ബംഗാളി ബൈബിൾ മദ്ധ്യവർഗ്ഗക്കാർക്ക് വളരെ ഇഷ്ടമായി. ബ്രാഹ്മണരാകട്ടെ അതിനെ പുച്ഛരിച്ചു.സംസ്കൃതത്തിലല്ലാതെ വേദം ഉണ്ടാകുക എന്നത് അവർക്ക് മനസ്സിലാക്കാൻ വിഷമമായിരുന്നു.ബൈബിൾ സംസ്കൃതത്തിലും എഴുതണമെന്ന് കേരിക്ക് തോന്നിയത് അതുകൊണ്ടായിരുന്നു.അങ്ങനെ അവസാനം ബ്രാഹ്മണരും വേദപുസ്തകം വായിക്കാനിടയായി.എന്നിരുന്നാലും ബംഗാളി ബൈബിളിനോട് കേരിക്ക് വല്ലാത്തൊരടുപ്പമുണ്ടായിരുന്നു. അതിന്റെ ഭാഷയും ശൈലിയും അദ്ദേഹം വീണ്ടും വീണ്ടും പരിഷ്കരിച്ചുകൊണ്ടിരുന്നു.എട്ടാമത്തെ പതിപ്പിന്റെ പ്രൂഫ് വായിച്ചപ്പോഴാണു തനിക്കു തൃപ്തിയായത്.അതുകൊണ്ടുതന്നെ അതവസാനത്തേതായി.

1812 മാർച്ച് 11 ാം തീയതി പ്രസ്സിൽ ഒരത്യാഹിതം നടന്നു. വൈകുന്നേരം ജീവനക്കാർ വീട്ടിൽ പോയ സമയം.പേപ്പർ സൂക്ഷിച്ചിരുന്ന മുറിയിൽ നിന്നും പുക വരുന്നു.കേരി ആ സമയം അവിടെയില്ലായിരുന്നു.മറ്റുള്ളവരെല്ലാം പാഞ്ഞെത്തി തീകെടുത്താനുള്ള ശ്രമം തുടങ്ങി.തീയു

ണ്ടായ മുറിയുടെ വാതിലും ജനലും അടച്ചു മുകളിൽനിന്നും വെള്ളം കോരിയൊഴിച്ചു.തീ ഏതാണ്ട് അണഞ്ഞുവന്ന സമയത്ത് ഒരനർത്ഥം കൂടിയുണ്ടായി.കാഴ്ചക്കാരിലൊരാൾ ഒരു ജനാല വലിച്ചു തുറന്നു.പുറത്തുനിന്നും വീശിയകാറ്റിൽ തീ വീണ്ടും ആളിപ്പടർന്നു.വെള്ളം കോരിക്കോരി മടുത്ത ജനത്തിന് പിന്നെ തീയണക്കാനായില്ല.അതവസാനം കെട്ടിടത്തെ മുഴുവൻ വിഴുങ്ങി.പല ഭാഷകളിലെ അച്ചടി അക്ഷരങ്ങൾ,യന്ത്രങ്ങൾ,വിലപിടിച്ച കയ്യെഴുത്തു പ്രതികൾ,വ്യാകരണ ഗ്രന്ഥങ്ങൾ എന്നു തുടങ്ങി എത്രയോ മാസങ്ങളിലെ പ്രയത്നം നിമിഷങ്ങൾക്കകം ചാമ്പലായി മാറി.നേരം വെളുത്തപ്പോൾ മാത്രമാണു നഷ്ടത്തിന്റെ തീവ്രത കുറച്ചെങ്കിലും മനസ്സിലാക്കാനായത്.കോളജിലായിരുന്ന കേരി വിവരമറിഞ്ഞെത്തി കാര്യങ്ങൾ വിലയിരുത്തി.ദുരന്തം തന്നെ.എന്നാലും നിരാശപ്പെട്ടില്ല. തമ്മിൽത്തമ്മിൽ ഉത്സാഹപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ തന്നെ തീരുമാനിച്ചു.തീയുണ്ടായതിനുശേഷമാണല്ലോ ഏലിയാവ് യഹോവയുടെ മൃദുസ്വരം ശ്രവിച്ചതും ദൈവം അവിടെയുണ്ടെന്നറിഞ്ഞതും.മറ്റാരെങ്കിലുമായിരുന്നെങ്കിൽ മനസ്സ് തകർന്നുപോകുമായിരുന്ന ഈ അവസരത്തിലൊരിക്കലെഴുതിയ കത്തിൽ അദ്ദേഹം ഇപ്രകാരം എഴുതി: 'നഷ്ടം ഭീമമാണ്.എന്നിരുന്നാലും ഒരിക്കൽ യാത്ര ചെയ്ത പാതയിൽ വീണ്ടും സഞ്ചരിക്കുന്നത് ആദ്യയാത്രയുടെയത്ര ബുദ്ധിമുട്ടുണ്ടാക്കുകയില്ലല്ലോ എന്നോർത്ത് സമാധാനിക്കുന്നു. അതുകൊണ്ട് തന്നെ യഥാർത്ഥ മൂല്യമുള്ളതെന്തെങ്കിലും നഷ്ടമായെന്നു തോന്നുന്നുമില്ല'. ദുരന്തവാർത്തയറിഞ്ഞ് പ്രസ്സിന്റെ പുനരുദ്ധാരണത്തിനായി നാട്ടിൽനിന്നു പിരിച്ചെടുത്ത പതിനായിരം പവൻ അയച്ചുകിട്ടുകയുണ്ടായി.ഒരു വർഷത്തിനുള്ളിൽ മിഷന്റെ പ്രവർത്തനം പണ്ടത്തെതിലും ഭംഗിയാക്കാൻ അവർക്കു സാധിച്ചു.1832 ആയപ്പോഴേക്കും നാൽപ്പത്തിനാലു ഭാഷകളിൽ മുഴു ബൈബിളോ,പുതിയ നിയമമോ അല്ലെങ്കിൽ സുവിശേഷങ്ങൾ മാത്രമോ പ്രസിദ്ധീകരിക്കാൻ അവർക്കു സാധിച്ചിരുന്നു.കൂട്ടായ പ്രയത്നത്തിന്റെ മകുടോദാഹരണമായി എന്നും ചൂണ്ടിക്കാട്ടാനാവുന്ന ഒരു നേട്ടമായിരുന്നു അത്.

കോളജ് പ്രൊഫസറും ബൈബിൾ പരിഭാഷകനും പ്രിന്ററും പബ്ളിഷറുമൊക്കെയാണ് താനെങ്കിലും ഈ വിശാലമായ രാജ്യത്തിന്റെ ഓരോ മുക്കിലും മൂലയിലും സുവിശേഷം എത്തിക്കണമെന്ന ആഗ്രഹം ഇപ്പോഴും സഫലമായതായിത്തോന്നിയില്ല.തന്റെ പണിശാലയിലിരുന്ന് ചെരുപ്പ് തുന്നുമ്പോൾ കണ്ടതായിരുന്നുവല്ലോ ആ സ്വപ്നം.നാട്ടുകാർ നയിക്കുന്ന നാട്ടുകാരുടെ സഭയെന്നതായിരുന്നു കേരിയുടെ ലക്ഷ്യം.അത്തരം ശിഷ്യന്മാരെക്കൊണ്ടേ ഇന്ത്യയെ നേടാനാവൂ എന്നദ്ദേഹം ശരിയായി വിലയിരുത്തി.വിശ്വാസികളുടെ നേതൃത്വ പരിശീലനത്തിനായി വളരെക്കാലമായുള്ള ഒരാശയമായിരുന്നു ഒരു കോളജ് തുടങ്ങണമെന്നത്.നാട്ടുകാർ സുവിശേഷപ്രവർത്തനങ്ങളിൽ ഇക്കാലമത്രയും സഹായിക്കുന്നുണ്ടായിരുന്നു.എങ്കിലും കൂടുതൽ പരിശീലനം ആവശ്യമാണെന്ന് കേരിക്ക് തോന്നി.ക്രിസ്തുവിന്റെ വചനത്തിലുള്ള അറിവിനോടൊപ്പം ഹിന്ദുമതവും ബുദ്ധമതവും അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും.അങ്ങനെ 1818ൽ പൗരസ്ത്യ സാഹിത്യവും യൂറോപ്യൻ ശാസ്ത്രവും പഠിപ്പിക്കുന്ന 'ഏഷ്യക്കാരായ ക്രിസ്ത്യാനികളോ അല്ലാത്തവരോ ആയ ചെറുപ്പക്കാർക്കു'വേണ്ടി ഒരു കോളജ് തുടങ്ങി.ആദ്യ ബാച്ചിൽ മുപ്പത്തിയേഴു കുട്ടികളുണ്ടായിരുന്നതിൽ പത്തൊൻപതുപേർ ക്രിസ്ത്യാനികളായിരുന്നു!





ഡെൻമാർക്കിലെ രാജാവ്, കേരിയുടേയും മാർഷ്മന്റെയും പ്രവർത്തനത്തിലുള്ള സംതൃപ്തി അറിയിച്ചുകൊണ്ട് ഒരു കത്തെഴുതി.നേരത്തെ നിരസിച്ചിരുന്ന രാജകീയ ബഹുമതിക്കു പകരമായി രണ്ടുപേർക്കും ഓരോ സ്വർണ്ണമെഡലും അയച്ചുകൊടുത്തു.കൂടാതെ കോളജിനോടു ചേർന്നുള്ള വിശാലമായ കുറേ ഭൂമിയും ദാനം കൊടുത്തു. 1827 ൽ കോളജിന്റെ പ്രവർത്തനത്തിൽ എന്നും തൽപ്പരനായിരുന്ന ബ്രിട്ടീഷ് ചക്രവർത്തി കോളജിന് 'ഡിഗ്രികൾ കൊടുക്കാനുള്ള' രാജകീയ അനുമതി നൽകുകയുണ്ടായി.അത്തരം അവകാശം ലഭിച്ച ഏഷ്യയിലെ ആദ്യത്തെ കോളജായിരുന്നു സെറാമ്പൂർ എന്ന് ഇന്നാരെങ്കിലും ഓർക്കുന്നുണ്ടാവുമോ?

എന്തെല്ലാം ജോലിത്തിരക്കുണ്ടായിരുന്നാലും കേരി തന്റെ കുടുംബത്തിന്റെ ആവശ്യങ്ങൾ അവഗണിച്ചിരുന്നില്ല. രോഗിയായ ഭാര്യയോടും കുഞ്ഞുങ്ങളോടുമുള്ള കരുതലിന് ഒരു മാറ്റവുമുണ്ടായില്ല.തിരക്കിനിടയിൽ അവരെ മറന്നുപോയെന്നെങ്ങാനും തോന്നിയാൽ രാത്രി അവർക്കായി കത്തുകളെഴുതും.ആ കത്തുകളിൽ മക്കളോടുള്ള സ്നേഹവും താല്പര്യവും നമുക്ക് കാണാൻ സാധിക്കും. ഏതൊരപ്പനെയും പോലെ അവരുടെ ഭാവിയെപ്പറ്റി അദ്ദേഹം ചിന്തിക്കുകയും അവർ തിരഞ്ഞെടുത്ത ജോലികളിൽ വേണ്ടത്ര പരിശീലനം ലഭിക്കാനായുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു.ഡൊറോത്തിയുടെ അസുഖത്തിന് ഒരു മാറ്റവുമുണ്ടായില്ല. കുഞ്ഞുങ്ങളേയും ഭർത്താവിനേയും നോക്കാൻ അവർക്കാകുമായിരുന്നില്ല. അമ്മയുടെ സ്നേഹം എന്തെന്ന് ഫെലിക്സും വില്യമും അറിഞ്ഞിട്ടില്ലെന്നു തന്നെ പറയാം.ആ കുറവ് നികത്തിയത് മാർഷ്മന്റെ ഭാര്യ ഹന്നയായിരുന്നു. ഒരു പക്ഷേ വഴിതെറ്റിപ്പോകുമായിരുന്ന അവസ്ഥയിൽ നിന്നും ആ കുഞ്ഞുങ്ങളെ സ്നേഹിച്ചും ശാസിച്ചും ശിക്ഷിച്ചും നേർവഴിക്ക് കൊണ്ടുവന്നതിന്റെ സകല പ്രശംസയും ഹന്നയ്ക്കുള്ളതാണ്.വർഷങ്ങൾ കടന്നു പോകവേ,അവർ രണ്ടുപേരും അപ്പനെ വളരെയധികം സ്നേഹിക്കുകയും അദ്ദേഹത്തിന്റെ കാലടികൾ പിൻതുടരുകയും ചെയ്തു.

തനിക്കുവേണ്ടി ഡൊറോത്തി ചെയ്ത ത്യാഗം കേരിക്ക് മറക്കാനാവുമായിരുന്നില്ല.അസുഖത്തിലായ പന്ത്രണ്ടുകൊല്ലവും അവരെ കേരി തന്നെ ശുശ്രൂഷിച്ചുപോന്നു.മിഷൻ കോമ്പൗണ്ടിലെ തന്റെ മുറി വിട്ട് അവർ പുറത്തിറങ്ങിയതേയില്ല.ഒരിക്കൽ നാട്ടിലേക്ക് എഴുതിയ കത്തിൽ കേരി ഇങ്ങനെയെഴുതി: 'പാവം ഡൊറോത്തിയുടെ അസുഖത്തിന് ഒരു കുറവുമില്ല. വളരെ പരിതാപകരമായ അവസ്ഥ, കഠിനമായ ഭാരം മനസ്സിന്.ഒരു ക്രിസ്തുശിഷ്യനെപ്പോലെ ഞാനീ ചുമട് എടുക്കട്ടെ.അതെനിക്കൊരനുഗ്രഹമായും തീരട്ടെ'.1807-ൽ അമ്പത്തിഒന്നാമത്തെ വയസ്സിൽ ഡൊറോത്തി കർത്തൃസന്നിധിയിലേക്ക് യാത്രയായി.

കോളജും മിഷൻ പ്രവർത്തനവുമായി കേരി മുന്നോട്ടു പോയെങ്കിലും അധികനാൾ കഴിയും മുമ്പേ ഒരു സ്ത്രീരത്നത്തെ കണ്ടുമുട്ടി ഇഷ്ടപ്പെടുകയും വിവാഹം കഴിക്കുകയുമുണ്ടായി. ഷാർലറ്റ് റൂമോർ പ്രശസ്തമായ ഒരു ഡച്ച് പ്രഭുകുടുംബത്തിലെ അംഗവും വിദ്യാസമ്പന്നയുമായിരുന്നു.ശാരീരിക ബലഹീനതകളാൽ ചികിത്സാർത്ഥം സെറാമ്പൂരിൽ താമസിച്ചിരുന്ന അവരെ കേരിയാണ് വിശ്വാസത്തിലേക്ക് നടത്തിയത്.ഷാർലറ്റിന് കേരിയുടെ അതേ പ്രായമായിരുന്നു.ഡാനിഷും ജർമ്മനും ഫ്രഞ്ചും ഇറ്റാലിയനും ഇംഗ്ലീഷും ഒരുപോലെ സംസാരിക്കാനറിയുമായിരുന്ന ഷാർലറ്റിനെ കേരി ജീവിതപങ്കാളിയാക്കി.സംസ്കാരസമ്പന്ന

യായ ആ ക്രിസ്തു ശിഷ്യ എല്ലാംകൊണ്ടും യോജിച്ച ഭാര്യയായിരുന്നു.തുടർന്നുവന്ന പതിമൂന്നു വർഷം ഒരു യഥാർത്ഥ തുണയായി സുഖവും ദുഃഖവും ജോലികളും പങ്കുവെച്ച് കേരിയോടൊപ്പം അവർ നിലകൊണ്ടു.ഷാർലറ്റിന്റ സ്നേഹവും കരുതലും കേരിയെ ഏറ്റവും സന്തോഷത്തിലാക്കിയെന്ന് പറയേണ്ടതില്ലല്ലോ.1821ൽ അവർ മരിച്ചപ്പോൾ അത് അദ്ദേഹത്തിന് വലിയൊരാഘാതവുമായി.അതിനടുത്തവർഷം മറ്റൊരനർത്ഥവുമുണ്ടായി.മൂത്ത മകൻ ഫെലിക്സ് മുപ്പത്തൊന്ന് വയസ്സുള്ളപ്പോൾ മരണമടഞ്ഞു.ഇതേസമയം തന്നെ ഇംഗ്ലണ്ടിലെ ചില സ്നേഹിതരും മരിച്ചുപോയതറിഞ്ഞ് ദുഃഖഭാരത്താൽ അദ്ദേഹം ഇങ്ങനെയെഴുതി: 'ഞാൻ സ്നേഹിച്ചിരുന്നവർ ഓരോരുത്തരായി കടന്നു പോകുന്നു. എവിടെ നോക്കിയാലും ശൂന്യത..... എന്നിരുന്നാലും ഇംഗ്ലണ്ടിൽ നിന്നും പോരുമ്പോൾ തോന്നിയതുപോലെതന്നെ അവിടേക്കു മടങ്ങണമെന്ന തോന്നലില്ല. ഞാനങ്ങനെ ചെയ്തുകൂടാ. എന്റെ ഹൃദയം ഇന്ത്യയെ വരിച്ചിരിക്കുന്നു.വളരെയൊന്നും എന്നെക്കൊണ്ട് ഇവിടെ പ്രയോജനമില്ലെങ്കിലും ചെറിയ കാര്യങ്ങൾ ചെയ്യുന്നതിൽ സന്തോഷിച്ചു കഴിയുന്നു'.

രണ്ടാം വിവാഹത്തിന്റെ സ്വർഗ്ഗീയ അനുഭൂതിയിൽ നിന്നുള്ള പ്രചോദനമാവാം, തന്റെ ഏകാന്തതയിൽ കേരി മൂന്നാമതൊരിക്കൽ കൂടി വിവാഹിതനായി. സൗമ്യയും കരുണാസമ്പന്നയുമായ ഗ്രേസ് ഹ്യൂസ് എന്ന വിധവയായിരുന്നു വധു. ഈ ദാമ്പത്യവും സന്തോഷപ്രദമായിരുന്നു.പ്രായമേറി വരുന്തോറും കേരിയെ സ്നേഹപൂർവ്വം ശുശ്രൂഷിച്ചുകൊണ്ട് ഗ്രേസ് എപ്പോഴും അടുത്തുണ്ടായിരുന്നു.

1829 ഡിസംബർ 5-ാം തീയതി ഒരു ഞായറാഴ്ചയായിരുന്നു.തിരാവിലെ തന്നെ പഠനമുറിയിലിരുന്ന് കേരി അന്നത്തെ സഭായോഗത്തിനുള്ള പ്രസംഗം തയ്യാറാക്കിക്കൊണ്ടിരുന്നു.നിശ്ശബ്ദത ഭേദിച്ചുകൊണ്ട് മുഴങ്ങിയ മണിയടിയെന്താണെന്നന്വേഷിച്ചു ചെന്ന കേരി കണ്ടത് പുതുതായി സ്ഥാനമേറ്റ ഗവർണർ ജനറൽ വില്യം ബന്റിക് പ്രഭു കൊടുത്തുവിട്ട സന്ദേശവുമായെത്തിയ ആളെയാണ്.കത്തിനോടൊപ്പമുള്ള രാജകല്പന ബംഗാളിയിൽ തർജ്ജമ ചെയ്തു കഴിയും വേഗം തിരിച്ചെത്തിക്കണമെന്നായിരുന്നു അതിന്റെ ഉള്ളടക്കം. ഞായറാഴ്ച ദിവസം അങ്ങനെയൊരു ജോലി ചെയ്യുന്നതിൽ തീരെ താല്പര്യമില്ലാതെ കല്പന വായിക്കാൻ തുടങ്ങിയ കേരിക്ക് ഒരുനിമിഷം കൊണ്ട് മടുപ്പെല്ലാം മാറി. ഇന്ത്യയിലെത്തിയ നാൾ മുതൽ താൻ തുടങ്ങിവച്ച പരിശ്രമത്തിന്റെ ഫലപ്രാപ്തിയായിരുന്നു ഇപ്പോൾ കൈയ്യിലിരിക്കുന്ന ആ കടലാസ്. 'ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കു കീഴിലുള്ള സകലപ്രദേശങ്ങളിലും സതി സമ്പ്രദായം നിരോധിച്ചുകൊണ്ടുള്ള രാജകീയ വിളംബരമായിരുന്നു അത്.പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയെന്ന് കേട്ട ഒരു സ്കൂൾകുട്ടിയെപ്പോലെ കേരി തുള്ളിച്ചാടി. പ്രസംഗം തയ്യാറാക്കുന്ന സമയത്ത് സാധാരണ ധരിക്കാറുള്ള കറുത്തകോട്ട് ഊരിയെറിഞ്ഞുകൊണ്ട് തനിക്കുപകരം സഹപ്രവർത്തകരിലാരെങ്കിലും ഇന്ന് പള്ളിയിൽ പ്രസംഗിക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഒരെഴുത്ത് കൊടുത്തുവിട്ടു.

ഞായറാഴ്ച മീറ്റിംഗ് ഒരിക്കലും മുടക്കിയിട്ടില്ലാത്ത കേരി അന്ന് ആ പതിവ് തെറ്റിക്കാൻ തീരുമാനിച്ചു. ഉടൻ തന്നെ തർജ്ജമയും തുടങ്ങി. എത്രയോ വർഷത്തെ നിരന്തര ശ്രമത്തിനൊടുവിലുണ്ടായതാണ്. യാതൊരു കാരണവശാലും ഇനി അത് വൈകികൂടാ. കാരണം വില്യം

*(ശേഷം പേജ് 36 ൽ)*





**ധ്യാനം**

# യഥാർത്ഥ ആത്മീയത എന്ത്?

**എ.ഡബ്ലിയു.ടോസർ**

ആത്മീയതയെപ്പറ്റി വിവിധ ക്രിസ്തീയ വിഭാഗങ്ങളിൽ വ്യത്യസ്ത ധാരണകളാണുള്ളത്. ചിലയിടങ്ങളിൽ, ആത്മീയ വിഷയങ്ങൾ നന്നായി സംസാരിക്കാൻ കഴിയുന്നയാൾ വലിയ ആത്മീയനെന്നു കരുതപ്പെടുന്നു: മറ്റു ചിലയിടങ്ങളിൽ ശബ്ദായമാനമായ അന്തരീക്ഷം ആത്മീയതയുടെ ലക്ഷണമായി കരുതപ്പെടുന്നു. ചില സഭകളിൽ, ആദ്യമായോ, ഏറ്റവും ദീർഘമായോ അല്ലെങ്കിൽ ഏറ്റവും ഉച്ചത്തിലോ പ്രാർത്ഥിക്കുന്ന ആളിനെയാവും സഭയിലെ ഏറ്റവും ആത്മീയനായി ഗണിക്കുന്നത്.

എരിവുള്ള സാക്ഷ്യമോ, പതിവായുള്ള പ്രാർത്ഥനയോ,ഉച്ചത്തിലുള്ള സ്തുതിയോ ആത്മീയതയുമായി ചേർന്നുപോകാവുന്ന കാര്യങ്ങൾ തന്നെ ആയിരിക്കാം. എന്നാൽ ഇവയൊന്നും, അവയിൽതന്നെ ആത്മീയത ഉളവാക്കുകയോ, തെളിയിക്കുകയോ ചെയ്യുന്നില്ലെന്ന കാര്യം നാം ഗ്രഹിച്ചിരിക്കേണ്ടതാണ്.

പ്രബലമായ ചില താത്പര്യങ്ങളിലാണ് ആത്മീയത വെളിപ്പെടുന്നത്. ആ താൽപര്യങ്ങൾ ഒരുവന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന, സ്ഥായിയായ, ആഴമായ പ്രേരകശക്തിയായി പരിണമിക്കുന്നു.ഈ താത്പര്യങ്ങളെ അല്ലെങ്കിൽ ആഗ്രഹത്തെ അക്കമിട്ടു താഴെപ്പറയാം.ഈ ക്രമം,അതിന്റെ മുൻഗണനാ ക്രമമനുസരിച്ചാണെന്നു ധരിക്കാതിരുന്നാൽ മതി.

(1) സന്തോഷവാനായിരിക്കുന്നതിനെക്കാൾ വിശുദ്ധനായിരിക്കുന്നതിനുള്ള ആഗ്രഹം:

നമ്മുടെ ആത്മാവിനു ക്ഷതം ഏൽക്കാതെ, സന്തോഷം ഉൾക്കൊള്ളാൻ കഴിയുന്ന സമയത്ത് – ദൈവത്തിന്റെ കൃത്യമായ സമയത്തുതന്നെ – ദൈവം ആ സന്തോഷം നൽകും എന്ന് ആത്മീയൻ അറിയുന്നതിനാൽ, സന്തോഷത്തിന്റെ പിന്നാലെ അവൻ പോകുന്നില്ല. സന്തോഷത്തിന്റെ പിന്നാലെയുള്ള എല്ലാ നെട്ടോട്ടവും യഥാർത്ഥ വിശുദ്ധിയുടെ അഭാവമാണു കാണിക്കുന്നത്.ജോൺ വെസ്ലി ഒരിക്കൽ പറയുകയുണ്ടായി, 'അവർ സഭയിൽ വരുന്നത്, വിശുദ്ധരാകാനുള്ള മാർഗ്ഗം പഠിക്കുവാനല്ല, മതം ആസ്വദിക്കുവാനാണ് എന്നതിനാൽ, അവർ സ്നേഹത്തിൽ തികഞ്ഞവരാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.'

(2) തൽക്കാലത്തേക്ക് അപമാനമോ, നഷ്ടമോ, സഹിക്കേണ്ടിവന്നാലും സ്വന്തജീവിതത്തിലൂടെ ദൈവത്തിന്റെ മഹത്വം വെളിപ്പെടുവാനുള്ള ആഗ്രഹം:

'നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ' എന്നുള്ള പ്രാർത്ഥനയോടുകൂടി, 'എനിക്കെന്തു ചെലവു വന്നാലും, കർത്താവേ' എന്നു നിശ്ശബ്ദമായി പ്രാർത്ഥിക്കുന്നവനായിരിക്കും അങ്ങനെയുള്ളവൻ. അവൻ ആന്തരികമായ ആത്മപ്രേരണയിൽ ജീവിക്കുന്നവനും, എല്ലാറ്റിലും ദൈവമഹത്വം

**ജഡികക്രിസ്ത്യാനി ഒരു സാഹചര്യത്തെയോ വസ്തുതയെയോ പുറമെ മാത്രം കാണുന്നതിനാൽ, അവന്റെ സന്തോഷവും, ദു:ഖവും ആ കാഴ്ചയെ മാത്രം ആശ്രയിച്ചിരിക്കും. ഒരു വസ്തുതയുടെ അകവും പുറവും ദൈവം കാണുകയും കാര്യങ്ങളുടെ യഥാർത്ഥ ദൃഷ്ടയിലേക്കു ദൈവികദൃഷ്ടി കടന്നുചെല്ലുകയും ചെയ്യുന്നു. ഇവ്വണ്ണം തന്നെ ആത്മീയനും കാര്യങ്ങളെ വിലയിരുത്തും. തന്റെ യഥാർത്ഥ സ്ഥിതി വെളിപ്പെടുത്തുന്ന ശോധനയിൽകൂടി കടന്നുപോകുമ്പോൾ കാര്യങ്ങളെ ദൈവികമായി കാണുവാനും അവയുടെ മുൻപിൽ വിനയപ്പെടുവാനും അവൻ നിർബന്ധമുള്ളവനാണ്.**

ലക്ഷ്യംവച്ചിരിക്കുന്നവനുമാണ്. ദൈവമഹത്വത്തിനു ജീവിക്കുകയെന്ന തിരഞ്ഞെടുപ്പ് അവൻ ഒരിക്കലായി നടത്തിക്കഴിഞ്ഞവനാണ്.ഇനിയും ഈ തിരഞ്ഞെടുപ്പിനുവേണ്ടി അവന്റെ ഹൃദയത്തിൽ ഒരു സംവാദത്തിന് ഇടമേ ഇല്ല. ഒരു മനുഷ്യൻ പ്രാണവായുവിനായി വീർപ്പുമുട്ടുന്നതുപോലെ ദൈവമഹത്വം അവന്റെ അടിയന്തരമായ ആവശ്യമായിത്തീർന്നിരിക്കുന്നു.

(3) ആത്മീയൻ തന്റെ ക്രൂശ് എടുപ്പാൻ ഇച്ഛിക്കുന്നവനാണ്:

പല ക്രിസ്ത്യാനികളും അനർത്ഥങ്ങളും പീഡകളും നെടുവീർപ്പോടെ സ്വീകരിക്കുകയും അവയെ ക്രൂശ് എന്നു വിളിക്കുകയും ചെയ്യാറുണ്ട്. പാപിക്കും വിശുദ്ധനും ഒരുപോലെ അത്തരം അനുഭവങ്ങൾ ഉണ്ടാകുന്ന കാര്യം അവർ വിസ്മരിക്കുന്നു.ക്രിസ്തുവിനോടുള്ള അനുസരണം മൂലം നാം നേരിടേണ്ടിവരുന്ന പ്രത്യേകമായ പ്രാതികൂല്യമാണ് ക്രൂശ്.ഈ ക്രൂശ് നമ്മുടെ മേൽ നിർബന്ധിച്ച് ഏൽപ്പിക്കപ്പെടുകയില്ല.പരിണതഫലങ്ങളെക്കുറിച്ചു വ്യക്തമായ അറിവോടെ നാം സ്വമേധയാ ക്രൂശെടുക്കുകയാണ്.ക്രിസ്തുവിനെ അനുസരിക്കാനായി നാം എടുക്കുന്ന തീരുമാനമാണ്, ക്രൂശെടുക്കാൻ അവസരങ്ങൾ നൽകുന്നത്. ക്രൂശെടുക്കുകയെന്നാൽ, ക്രിസ്തുവിനോട് ഹൃദയംഗമമായി പറ്റിച്ചേരുകയും, അവന്റെ കർത്തൃത്വത്തെ അംഗീകരിക്കുകയും അവന്റെ കല്പനകളെല്ലാം അനുസരിക്കുകയുമാണ്.

(4)എല്ലാ കാര്യങ്ങളും ദൈവികമായ വീക്ഷണകോണിലൂടെ കാണുവാനുള്ള ഹൃദയം:

ജഡിക ക്രിസ്ത്യാനി ഒരു സാഹചര്യത്തെയോ വസ്തുതയെയോ പുറമെ മാത്രം കാണുന്നതിനാൽ, അവന്റെ സന്തോഷവും, ദു:ഖവും ആ കാഴ്ചയെ മാത്രം ആശ്രയിച്ചിരിക്കും.ഒരു വസ്തുതയുടെ അകവും പുറവും ദൈവം കാണുകയും കാര്യങ്ങളുടെ യഥാർത്ഥ ദൃഷ്ടയിലേക്കു ദൈവികദൃഷ്ടി കടന്നുചെല്ലുകയും ചെയ്യുന്നു. ഇവ്വണ്ണംതന്നെ ആത്മീയനും കാര്യങ്ങളെ വിലയിരുത്തുവാൻ കഴിയുന്നു.തന്റെ യഥാർത്ഥ സ്ഥിതി വെളിപ്പെടുത്തുന്ന ശോധനയിൽകൂടി കടന്നുപോകുമ്പോൾ കാര്യങ്ങളെ ദൈവികമായി കാണുവാനും അവയുടെ മുൻപിൽ വിനയപ്പെടുവാനും അവൻ നിർബന്ധമുള്ളവനാണ്.

(5) തെറ്റിൽ ജീവിക്കുന്നതിനെക്കാൾ ശരിയായവയ്ക്കായി ജീവിക്കുവാനുള്ള ആഗ്രഹം:

ലോകത്തേയും ജഡത്തേയും സ്നേഹിക്കുന്ന ക്രിസ്ത്യാനി ഭീതിയോടെ മരണത്തെക്കാണുമ്പോൾ, ആത്മീയനാകട്ടെ ഭൂമിയിൽ എത്രനാൾ ജീവിക്കുന്നുവെന്നതിനേക്കാൾ എങ്ങനെ ജീവിക്കുന്നുവെന്നതിനാണു മുൻതൂക്കം കൊടുക്കുന്നത്.എങ്ങനെയങ്കിലും ജീവിച്ചേ മതിയാകൂ





**ചിന്തയ്ക്ക്**

# അബ്രഹാമിനെ വിട്ടുപോയ ലോത്ത്

**റോബർട്ട് ഡേവിഡ്**

**അവസാനനാളുകൾ** ലോത്തിന്റെ നാളുകൾപോലെയാകും എന്ന് യേശു പറഞ്ഞിട്ടുണ്ട് (ലൂക്കോ. 17:28:30).ലോത്ത് നീതിമാനായിരുന്നു എന്നതിൽ സംശയമില്ല(2 പത്രോസ് 2:7). എന്നാൽ ദൈവപുരുഷനായ അബ്രഹാമുമായി തുലനം ചെയ്യുമ്പോൾ ലോത്തിന്റെ നീതി വളരെ താണ നിലവാരത്തിലുള്ളതായിരുന്നു എന്നു കാണാം. ലൂക്കോസ് 17:28–30 വാക്യങ്ങൾ ഇങ്ങനെ പരാവർത്തനം ചെയ്യാമെന്ന് ഞാൻ കരുതുന്നു:"അവസാനനാളുകളിൽ ലോത്തിനെപ്പോലെയുള്ള വിശ്വാസികൾ, ലോത്ത് ദൈവപുരുഷനായ അബ്രഹാമിൽ നിന്നു വേർപിരിഞ്ഞതുപോലെ, ദൈവത്തിന്റെ അഭിഷിക്ത ദാസന്മാരിൽ നിന്ന് തങ്ങളെത്തന്നെ വേർപിരിക്കുന്നവരായിരിക്കും."

അബ്രഹാമിൽ നിന്ന് വേർപിരിഞ്ഞ ലോത്തിന്റെയും കുടുംബത്തിന്റെയും ശേഷമുള്ള ജീവിതം ശുഭപര്യവസായി ആയിരുന്നില്ല എന്നു നമുക്കറിയാം.അബ്രഹാമിൽ നിന്ന് പിരിഞ്ഞശേഷം ലേത്തിന് തന്റെ കുടുംബം നഷ്ടമായി.അധർമ്മികളായ സോദോമിലെ ആളുകളെ 'സഹോദരന്മാർ' എന്നു വിളിക്കത്തക്കവണ്ണം ലോത്ത് തരംതാണുപോയി (ഉൽപ.19:4,7). എന്നാൽ അബ്രഹാം ഒരിക്കലും ലോത്തിന്റെ നാശം ആഗ്രഹിച്ചില്ല.യഥാർത്ഥത്തിൽ അബ്രഹാം ലോത്തിനേയും കുടുബത്തേയും ശത്രുക്കളുടെ

---

എന്ന നിർബന്ധം അവനില്ല. ഒത്തുതീർപ്പിലും പരാജയത്തിലും ചിലനാൾ കൂടി ജീവിക്കുകയെന്നത് അവന് അസഹനീയം തന്നെ. ദൈവത്തിന് എല്ലാം സ്വീകാര്യമായിരിക്കാനും ജീവിതത്തിന്റെ ദൈർഘ്യം ദൈവത്തിനേൽപ്പിക്കാനും അവൻ ഉത്സാഹിക്കുന്നു.

(6) സ്വന്തം ചെലവിൽ മറ്റുള്ളവർ മുന്നേറുന്നതു കാണുവാനുള്ള ആഗ്രഹം:

ദൈവത്തിന്റെ ഹിതം തന്റെ ഇഷ്ടമായിരിക്കുകയാൽ മറ്റൊരുവനെ ദൈവം തനിക്കുമീതെ ഉയർത്തുമ്പോൾ,അവൻ ആ ഹിതത്തിൽ തൃപ്തനായിരിക്കുന്നു. അസൂയയില്ലാത്ത ഒരു ഹൃദയത്തിന്റെ ഉടമയായതിനാൽ തന്റെ സഹോദരൻമാർ മാനിക്കപ്പെടുമ്പോഴും താൻ അവഗണിക്കപ്പെടുമ്പോഴും അവൻ സന്തുഷ്ടനാണ്.

(7) നിത്യതയെ ലക്ഷ്യമാക്കിയുള്ള തീരുമാനങ്ങൾക്കായുള്ള ആഗ്രഹം:

അവൻ ഭൂമിയുടെ ആകർഷണവലയത്തിൽ നിന്നും, കാലത്തിന്റെ ഒഴുക്കിൽ നിന്നും സ്വതന്ത്രനായി, ദൂതന്മാരുടെയും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെയും കൂട്ടത്തിൽ ചേരുവാൻ പുറപ്പെട്ട മനോഭാവത്തിൽ ജീവിക്കുവാൻ പഠിക്കുന്നു.പ്രസിദ്ധനാകുന്നതിനേക്കാൾ പ്രയോജനമുള്ളവനായിരിപ്പാനും, ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾ ശുശ്രൂഷിക്കാനും അവൻ ആഗ്രഹിക്കുന്നു.

മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും ഒരുവന്റെ ഉള്ളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി ഉളവാകേണ്ട മനോഭാവങ്ങളാണ്.

**അവസാനനാളുകളിൽ ലോത്തിനെപ്പോലെയുള്ള വിശ്വാസികൾ, ദൈവമനുഷ്യനായ അബ്രഹാമിൽ നിന്ന് ലോത്ത് വേർപിരിഞ്ഞതുപോലെ,ദൈവത്തിന്റെ അഭിഷിക്തരിൽ നിന്ന് തങ്ങളെത്തന്നെ വേർപിരിക്കുന്നവരായിരിക്കും. നാം ദൈവത്തോട് അടുക്കുവാനും കർത്താവിനെ അനുഗമിക്കുവാനും മനഷ്യരിലുള്ള ആശ്രയം വിട്ട് ദൈവത്തോട് പറ്റിച്ചേരുവാനും ദൈവം അഭിഷേകം ചെയ്ത ദൈവദാസന്മാരോട് ചേർന്നുനിൽക്കേണ്ടത് അത്യാവശ്യമാണ്. ദൈവം മാനിക്കുന്ന തന്റെ അഭിഷിക്തരായ ദാസന്മാരെ നാമും മാനിക്കേണ്ടതാണ്.**

ആക്രമണത്തിൽ നിന്ന് രക്ഷിക്കുകയും ദൈവത്തിന്റെ ന്യായവിധിക്ക് മുന്നിൽ ലോത്തിനും കുടുംബത്തിനും വേണ്ടി മധ്യസ്ഥത വഹിക്കുകയുമാണുണ്ടായത്(ഉൽപ.14:14-16 വാക്യങ്ങളും 18, 19 അധ്യായങ്ങളും കാണുക).

ഇതിനുവിപരീതമായി നമ്മൾ യുവജനങ്ങൾ,ദൈവാത്മാവിനാൽ തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിച്ചവരായ ഏലീശയെയും രൂത്തിനെയും പോലെ, ദൈവത്തെയും ദൈവികമനുഷ്യരേയും അനുഗമിക്കുകയാണ് വേണ്ടത്.ഏലീശയ്ക്ക് മൂന്നുതവണ ദൈവത്തിന്റെ പ്രവാചകനായ ഏലിയാവിനെ വിട്ടുപോകുവാൻ സാഹചര്യമുണ്ടായിട്ടും 'ഞാൻ നിന്നെ വിട്ടുപോവുകയില്ല' (2 രാജ. 2:2,4,6) എന്നു പറഞ്ഞ് തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു. അതുപോലെ നവോമിയെ വിട്ടുപോകുവാൻ രൂത്തിന് അനുവാദം കൊടുത്തിട്ടും ആ ദൈവമകൾ ദൃഢചിത്തതയോടെ നവോമിയോടൊപ്പം ആയിരിക്കുവാൻ തീരുമാനിച്ചു. (രൂത്ത് 1:14-18).

യേശുവിന് കുറഞ്ഞപക്ഷം എഴുപതു ശിഷ്യന്മാരെങ്കിലും ഉണ്ടായിരുന്നു. എന്നാൽ അതിൽ 58 പേരും (എൺപത് ശതമാനത്തിലധികം) വിട്ടുപോയി.ബാക്കി 12 പേരിൽ 11 പേർ അവസാനംവരെ വിശ്വസ്തതയോടെ നിന്നു.ഒരു ശിഷ്യൻ,യൂദാസ്, യേശുവിന്റെ കൂടെയെന്ന് അഭിനയിക്കുകയും അവസാനം വീഴുകയും ചെയ്തു.യോഹ.6:66-69 വരെ വാക്യങ്ങളിൽ ഈ 11 പേർക്കും യേശുവിനെ വിട്ടുപോകുവാൻ അവസരം നൽകിയിരുന്നുവെങ്കിലും അവർ പോയില്ല, എന്നുമാത്രമല്ല പത്രോസ് ഇപ്രകാരം പറയുകയും ചെയ്തു:'നാഥാ നിത്യജീവന്റെ മൊഴികൾ അങ്ങയുടെ പക്കലാണുള്ളത്.പിന്നെ ഞങ്ങൾ ആരുടെ അടുക്കൽ പോകുവാനാണ്?'

പൗലോസിന്റെ ഒരു വിശ്വസ്ത സഹപ്രവർത്തകനായിരുന്ന ദേമാസ് അദ്ദേഹത്തെ വിട്ടുപോയി. (കൊലോ.4:14,2 തിമൊ.4:10). പൗലൊസിന്റെ അവസാന നാളുകളിൽ അദ്ദേഹം പറഞ്ഞു:'സകലരും എന്നെ ഉപേക്ഷിച്ചു.... എന്നാൽ കർത്താവ് എന്റെ കൂടെ നിന്ന് എന്നെ ശക്തീകരിച്ചു' (2 തിമൊ.4:16,17).

അവസാനനാളുകളിൽ ലോത്തിനെപ്പോലെയുള്ള വിശ്വാസികൾ, ദൈവമനുഷ്യനായ അബ്രഹാമിൽ നിന്ന് ലോത്ത് വേർപിരിഞ്ഞതുപോലെ, ദൈവത്തിന്റെ അഭിഷിക്തരിൽ നിന്ന് തങ്ങളെത്തന്നെ വേർപിരിക്കുന്നവരായിരിക്കും.

നാം ദൈവത്തോട് അടുക്കുവാനും കർത്താവിനെ അനുഗമിക്കുവാനും മനഷ്യരിലുള്ള ആശ്രയം വിട്ട് ദൈവത്തോട് പറ്റിച്ചേരുവാനും ദൈവം അഭിഷേകം ചെയ്ത ദൈവദാസന്മാരോട് ചേർന്നു നിൽക്കേണ്ടത് അത്യാവശ്യമാണ്.

ദൈവം മാനിക്കുന്ന തന്റെ അഭിഷിക്തരായ ദാസന്മാരെ നാമും മാനിക്കേണ്ടതാണ്.

**മൊഴിമാറ്റം: ജോസഫ് എൻ.വി**

❖





# എഡിറ്റോറിയൽ തുടർച്ച......

മാത്രമാണു പാപം എന്നു പലരും കരുതുന്നു. 1 യോഹന്നാൻ 3:4; 5:17 എന്നിവ അനുസരിച്ച് ചെയ്യുന്ന നിയമലംഘനങ്ങളും അനീതിയുമെല്ലാം പാപമാണ്. എന്നാൽ അത് നിർവചനങ്ങളിലൊന്നുമാത്രമാണെന്ന് ഓർക്കണം. യാക്കോബ് 4:17 അനുസരിച്ച് 'നന്മ ചെയ്വാനറിഞ്ഞിട്ടു ചെയ്യാതിരിക്കുന്നതും' പാപമാണ്. റോമർ 14:23 പ്രകാരം 'വിശ്വാസത്തിൽനിന്ന്' ഉത്ഭവിക്കാത്ത' നല്ല പ്രവൃത്തികളും പാപമാണ്. അതുപോലെ നല്ല പ്രവൃത്തികളുടെ പിന്നിലുള്ള മനോഭാവം ശരിയല്ലെങ്കിൽ അതും ദൈവമുൻപാകെ 'വിശുദ്ധവസ്തുക്കളിലെ കുറ്റ'മാണ് (പുറ.29:38).

ഈ നാലുതരം പാപങ്ങളിൽ പലപ്പോഴും പുറമെ പ്രകടമായി കാണാവുന്നതു ചെയ്യുന്ന തെറ്റുകൾ മാത്രമാണ്. മറ്റെ മൂന്നുതരം പാപങ്ങളും-ചെയ്യേണ്ടതു ചെയ്യാതിരുന്നത്, വിശ്വാസമില്ലാതെ ചെയ്തത്, ശരിയായ മനോഭാവം ഇല്ലാതെ ചെയ്ത നല്ല പ്രവൃത്തികൾ-ആന്തരികമാണ്.

ആന്തരികമായ, പാപങ്ങളെ പാപം (Sin) എന്ന് ഏകവചനത്തിലും (റോമർ 5:12 ൽ കാണുന്ന പാപമാണിത്), ബാഹ്യമായി ചെയ്യുന്ന പാപങ്ങളെ പാപങ്ങൾ (Sins)എന്നു ബഹുവചനത്തിലും ദൈവവചനം വിവരിക്കുന്നു.യേശു വന്നത് ഈ രണ്ടു തരം പാപങ്ങളും ചുമന്നൊഴിക്കുവാനാണ്. (യോഹന്നാൻ 1:29, 1 യോഹ. 3:5 എന്നിവ കാണുക. ഇതിൽ ആദ്യവചനത്തിൽ പാപം ഏകവചനത്തിലും രണ്ടാമത്തേതിൽ പാപങ്ങൾ എന്നു ബഹുവചനത്തിലും രേഖപ്പെടുത്തിയിരിക്കുന്നു) ചുരുക്കത്തിൽ ആന്തരികവും ബാഹ്യവുമായ രണ്ടുതരത്തിലുള്ള പാപങ്ങളും യേശു ഇളച്ചുതന്നു.ഇതിന് യേശു നൽകിയ വിലയാണു തന്റെ ക്രൂശിലെ യാഗം.

പഴയനിയമത്തിൽ ദൈവവുമായുള്ള ബന്ധത്തിലുണ്ടാകുന്ന പാപങ്ങളുടെ പരിഹാരത്തിനു പാപയാഗവും (Sin offering)മറ്റുള്ളവരോടുള്ള ബന്ധത്തിലെ അകൃത്യങ്ങൾക്ക് പരിഹാരമായി അകൃത്യയാഗവും (Trespass offering)അർപ്പിക്കുമായിരുന്നു. നമ്മെ സംബന്ധിച്ചിടത്തോളം പലപ്പോഴും ആന്തരികമായ പാപം ദൈവം മാത്രം കാണുന്നവയും ബാഹ്യമായ പാപങ്ങൾ കൂടുതലും മറ്റുള്ളവരോടുള്ള ബന്ധത്തിൽ പ്രകടമാകുന്നവയുമാണ്. ഇവയ്ക്ക് യഥാക്രമം പാപയാഗവും അകൃത്യയാഗവുമാണ് കഴിക്കേണ്ടത്. യെശയ്യാവ് 53:10 ൽ യേശു പാപയാഗവും (മലയാളത്തിൽ 'അകൃത്യയാഗ'മായി തീർന്നിട്ട് എന്നാണു വിവർത്തനം ചെയ്തിരിക്കുന്നതെങ്കിലും യഥാർത്ഥത്തിൽ offering for sin-പാപയാഗം എന്നാണ്. ഇംഗ്ലീഷ് KJV, NKJV വിവർത്തനങ്ങൾ നോക്കുക), 53:11 ൽ യേശു അകൃത്യയാഗവും ആയിത്തീർന്നെന്നു വിവരിക്കുന്നു. കാൽവറിക്രൂശിൽ പാപത്തിന്-ബാഹ്യവും ആന്തരികവുമായതിന്-സമ്പൂർണമായ രക്ഷയാണു വരുത്തിയത്. രക്ഷണ്യപ്രവൃത്തി എത്ര അഗാധം!

ആന്തരികവും ബാഹ്യവുമായ പാപത്തെക്കുറിച്ചും യേശു അവയ്ക്കു വരുത്തിയ സമ്പൂർണപരിഹാരത്തെക്കുറിച്ചുമുള്ള ദൈവവചനാധിഷ്ഠിതമായ തിരിച്ചറിവ്, അല്പമല്ല, അധികം ഇളച്ചു കിട്ടിയെന്ന ബോധ്യത്തിലേക്കു നമ്മെ നടത്തും. അത് കർത്താവിനെ അധികം സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കും, ആന്തരികമായ ആത്മീയതയിലേക്കു നമ്മെ നയിക്കും.

'കർത്താവിനെ സ്നേഹിക്കാത്തവൻ ഏവനും ശപിക്കപ്പെട്ടവൻ'(1 കൊരി 16:22). സ്നേഹത്താൽ പ്രചോദിപ്പിക്കപ്പെടാത്ത ബാഹ്യമായ ആത്മീയത, ഭക്തിയുടെ വേഷം, ശാപയോഗ്യമാണെന്നറിയുക. പകരം കർത്താവായ യേശുക്രിസ്തുവിനെ അക്ഷയമായി സ്നേഹിക്കുക (എഫെസ്യ.6:24).

❖

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

# റോമർ

**സാക് പുന്നൻ**

**അധ്യായം -8** (തുടർച്ച)

ഏഴാമദ്ധ്യായത്തിൽ "ഞാൻ" "എനിക്ക്" "എന്റെ" എന്ന പ്രയോഗങ്ങൾ പലതവണ നാം കാണുന്നു. അത് പാപത്തിനെതിരായ "എന്റെ" പോരാട്ടങ്ങളെ കുറിക്കുന്നു.എന്നാൽ എട്ടാമദ്ധ്യായത്തിൽ 19 പ്രാവശ്യം 'പരിശുദ്ധാത്മാവ് 'എന്ന പദം ആവർത്തിക്കുന്നു. അത് ആത്മാവിലുള്ള ജീവനെക്കുറിച്ചാണ്.അതായത് നാം ഈ ജീവിതത്തിൽ എല്ലാ കാര്യങ്ങളിലും പരിശുദ്ധാത്മാവിനു വിധേയപ്പെട്ടു ജീവിക്കുമ്പോൾ പിതാവായ ദൈവം എല്ലാ കാര്യങ്ങളെയും നമ്മുടെ നിത്യമായ നന്മയ്ക്കാക്കിത്തീർക്കും.ആരെങ്കിലും നമ്മെ ഉപദ്രവിക്കാൻ ആഗ്രഹിച്ചാലും അതു നമ്മുടെ നന്മയ്ക്കുവേണ്ടി ദൈവം ഉപയോഗപ്പെടുത്തും (8:28). ഈ സുവിശേഷം അത്ഭുതകരം തന്നെയാണ്! റോമർ 8:28 നാം വിശ്വസിക്കുന്നു എങ്കിൽ നമ്മുടെ ജീവിതകാലത്തൊരിക്കലും ആളുകളെയോ സാഹചര്യങ്ങളെയോ നമുക്കു ഭയപ്പെടേണ്ടി വരികയില്ല.നമുക്കു അപകടങ്ങളുണ്ടാകുമെന്നോ,



> *നമുക്കു ദൈവത്തിന്റെ വൃക്ഷത്തിലെ ഒരു ശാഖയായിത്തീർന്ന ശേഷം വെട്ടിമാറ്റപ്പെടാൻ കഴിയും. നിഗളമാണ് ഇതിലേക്കു നയിക്കുന്നത്.*





അർബുദവ്യാധി പിടിപെടുമെന്നോ, സുവിശേഷ വിരോധികൾ നമ്മെ ഉപദ്രവിക്കുമെന്നോ മറ്റെന്തെങ്കിലും ദോഷങ്ങൾ നമുക്കുണ്ടാകുമെന്നോ നാം ഭയപ്പെടേണ്ടതില്ല. കാരണം നമ്മുടെ സ്വർഗ്ഗീയ പിതാവ് എല്ലാ വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മേൽ അധികാരമുള്ളവനാണ്. അവിടുന്ന് എല്ലാറ്റെയും നിയന്ത്രിക്കുന്നു. എല്ലാം എന്നു വച്ചാൽ സർവ്വതും എന്നു തന്നെ. അതുകൊണ്ട് നമുക്ക് എല്ലാറ്റിനുവേണ്ടിയും എല്ലായ്പ്പോഴും നന്ദിയുള്ളവരായിരിക്കാം(എഫെ. 5:20). റോമർ 8:28ൽ "മിക്ക കാര്യങ്ങളും നന്മയ്ക്കായ് കൂടി വ്യാപരിപ്പിക്കുന്നു" എന്നായിരുന്നു എങ്കിൽ എഫെ. 5:20ൽ "മിക്കകാര്യങ്ങൾക്കുവേണ്ടിയും നന്ദിയുള്ളവരായിരിക്കാം" എന്നാകുമായിരുന്നു. 1 തെസ്സ. 5:18 -ൽ "മിക്കകാര്യങ്ങൾക്കു വേണ്ടിയും സ്തോത്രം ചെയ്വീൻ" എന്നാകുമായിരുന്നു. എന്നാൽ റോമർ 8:28-ൽ "ദൈവം സകലവും നന്മയ്ക്കായി കൂടിവ്യാപരിപ്പിക്കുന്നു" എന്ന് എഴുതിയിരിക്കുന്നതുകൊണ്ട് നാം സകലത്തിനും വേണ്ടി സ്തോത്രം ചെയ്യുന്നവരാകണം.നാം നമ്മുടെ ജീവിതത്തിന്റെ 90% മാത്രമാണ് കർത്താവിനു നൽകുന്നതെങ്കിൽ നമുക്കു ഭവിക്കുന്ന 90% കാര്യങ്ങൾക്കു മാത്രമേ സ്തോത്രം ചെയ്യുവാൻ നമുക്കു കഴിയൂ.കാരണം ബാക്കി 10% ജീവിതത്തെ നാം തന്നെയോ അല്ലെങ്കിൽ സാത്താനോ ആയിരിക്കും നിയന്ത്രിക്കുന്നത്.

റോമർ 8:28 പുതിയ നിയമത്തിലെ ഏറ്റവും മനോഹരമായ വാഗ്ദാനമാണ്.കാരണം നമ്മുടെ ജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ടി വരുന്ന എല്ലാ സാഹചര്യങ്ങളെയും വ്യക്തികളെയും അത് ഉൾക്കൊള്ളുന്നു- ഓരോന്നായും മൊത്തത്തിലും.ഞാൻ വ്യക്തിപരമായി അതു വിശ്വസിക്കുകയും അതിലെ നന്മയെ നോക്കിക്കൊണ്ട് ആ നന്മയിൽ പല വർഷങ്ങളായി ജീവിക്കുകയും ചെയ്യുന്നു.ഈ വാക്യം വെള്ളം ശുദ്ധീകരിക്കുന്ന ഒരു വാട്ടർ ഫിൽട്ടർ പോലെയാണ്.നിങ്ങൾ ഒഴിക്കുന്നതു കലങ്ങിയ വെള്ളമായിരുന്നാൽ പുറത്തേക്കു വരുന്നതു ശുദ്ധജലമായിരിക്കും.അതുപോലെ ആരെങ്കിലും നമ്മെ ഉപദ്രവിക്കാൻ ശ്രമിച്ചാലും ദൈവം ആ തിന്മയെ നന്മയാക്കി രൂപാന്തരപ്പെടുത്തുന്നു.ഒരു വാട്ടർ ഫിൽട്ടറിനു കലക്കവെള്ളത്തെ നിർമ്മലമാക്കാൻ കഴിയുമെങ്കിൽ ദൈവത്തിനു നമ്മുടെ സാഹചര്യങ്ങളെ എത്രയധികം വ്യത്യാസപ്പെടുത്താൻ കഴിയും!അതു നാം വിശ്വസിക്കുന്നു എങ്കിൽ റോമ. 8:28 എന്ന ശുദ്ധീകരണ വഴിയിൽ നമ്മുടെ ജീവിതകാലം മുഴുവൻ നമുക്കു ജീവിക്കുവാൻ കഴിയും.ആളുകൾ നമുക്കു നന്മ ചെയ്താലും തിന്മ ചെയ്താലും എല്ലാം എല്ലായ്പോഴും ആത്യന്തികമായി നന്മയിൽ കലാശിക്കും.

1959-ൽ ഞാൻ വീണ്ടും ജനിച്ചതുമു

> റോമർ 8:28 നാം വിശ്വസിക്കുന്നു എങ്കിൽ നമ്മുടെ ജീവിതകാലത്തൊരിക്കലും ആളുകളെയോ സാഹചര്യങ്ങളെയോ നമുക്കു ഭയപ്പെടേണ്ടി വരികയില്ല.നമുക്കു അപകടങ്ങളുണ്ടാകുമെന്നോ, അർബുദവ്യാധി പിടിപെടുമെന്നോ, സുവിശേഷ വിരോധികൾ നമ്മെ ഉപദ്രവിക്കുമെന്നോ മറ്റെന്തെങ്കിലും ദോഷങ്ങൾ നമുക്കുണ്ടാകുമെന്നോ നാം ഭയപ്പെടേണ്ടതില്ല. കാരണം നമ്മുടെ സ്വർഗ്ഗീയ പിതാവ് എല്ലാ വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മേൽ അധികാരമുള്ളവനാണ്.

ഞാൻ വീണ്ടും ജനിച്ചതുമുതൽ ഇന്നയോളം എനിക്കു തിന്മ വരുത്തുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. പലരും എന്നെ ഉപദ്രവിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ആളുകൾ നുണക്കഥകളും അപവാദങ്ങളും എന്നെക്കുറിച്ചു പ്രചരിപ്പിച്ചിട്ടുണ്ട്. എന്നെ കുടുക്കുവാനും കെണിയിലകപ്പെടുത്തുവാനും പലയിടത്തും ശ്രമിച്ചിട്ടുണ്ട്. ഞാൻ സുവിശേഷത്തിലെ സത്യത്തിനുവേണ്ടി ഉറച്ചു നിന്നതിന്റെ പേരിൽ അനേകർ എന്നെ വെറുത്തു.പക്ഷേ അവർക്കാർക്കും യഥാർത്ഥത്തിൽ എനിക്ക് ഒരു ദോഷവും വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

തൽ ഇന്നയോളം എനിക്കു തിന്മ വരുത്തുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. പലരും എന്നെ ഉപദ്രവിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ആളുകൾ നുണക്കഥകളും അപവാദങ്ങളും എന്നെക്കുറിച്ചു പ്രചരിപ്പിച്ചിട്ടുണ്ട്. എന്നെ കുടുക്കുവാനും കെണിയിലകപ്പെടുത്തുവാനും പലയിടത്തും ശ്രമിച്ചിട്ടുണ്ട്.ഞാൻ സുവിശേഷത്തിലെ സത്യത്തിനുവേണ്ടി ഉറച്ചു നിന്നതിന്റെ പേരിൽ അനേകർ എന്നെ വെറുത്തു. പക്ഷേ അവർക്കാർക്കും യഥാർത്ഥത്തിൽ എനിക്ക് ഒരു ദോഷവും വരുത്തുവാൻ കഴിഞ്ഞിട്ടില്ല. കാരണം റോമർ 8:28-ലെ ദൈവ വാഗ്ദാനത്തിന്റെ ശുദ്ധീകരണ വഴിയിലാണ് ഞാൻ ജീവിച്ചത്.

അതുകൊണ്ടു കർത്താവിനോടു പറയുക: "കർത്താവേ, എനിക്കു ഭൂമിയിൽ സ്വന്തമായി ലക്ഷ്യങ്ങളൊന്നുമില്ല. അങ്ങു ജീവിച്ചതുപോലെ ദൈവഹിതം തികെയ്ക്കണമെന്നുമാത്രം. പണമോ,സ്ഥാന മാനങ്ങളോ ജീവിതസുഖമോ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്കുവേണ്ടി ഒന്നും ഞാനാഗ്രഹിക്കുന്നില്ല.അങ്ങയെ പ്രസാദിപ്പിക്കണമെന്നു മാത്രമാണെന്റെ ദിനം തോറുമുള്ള ആഗ്രഹം. അതിൽ ഞാൻ എന്നെ നിരന്തരം വിധിച്ചുകൊണ്ടിരിക്കും." അങ്ങനെയെങ്കിൽ സകലവും നിങ്ങൾക്കു നന്മയ്ക്കായി കൂടി വ്യാപരിക്കും. ആ നന്മയെക്കുറിച്ചാണ് റോമർ 8:29 -ൽ നാം കാണുന്നത്. നിങ്ങൾ കൂടുതൽ യേശുവിന്റെ രൂപത്തോടു അനുരൂപരായിക്കൊണ്ടിരിക്കും. അതിലും വലിയ ഒരു നന്മ സർവ്വശക്തനായ ദൈവത്തിനു നിങ്ങൾക്കു നൽകാൻ കഴിയുകയില്ല.

അതല്ല, നിങ്ങൾക്കു സ്വകാര്യമായ ലക്ഷ്യങ്ങളും പദ്ധതികളും നിങ്ങളെക്കുറിച്ചുണ്ടെങ്കിൽ റോമർ 8:28-ലെ വാഗ്ദാനം നിങ്ങൾക്കു വേണ്ടി ഉള്ളതല്ല.റോമർ 8:28-ലെ നന്മയിലല്ല ഭൂരിപക്ഷം ക്രിസ്ത്യാനികളും ജീവിക്കുന്നത്.അവർക്ക് തങ്ങളുടെ ജീവിതത്തെക്കുറിച്ചു സ്വന്തമായ ലക്ഷ്യങ്ങളും പദ്ധതികളുമുണ്ട്.ദൈവം അവരെ അനുഗ്രഹിക്കണമെന്നുമാത്രമേ അവർ ആഗ്രഹിക്കുന്നുള്ളു.

എന്നാൽ ദൈവഹിതം മാത്രമന്വേഷിക്കുന്നവർക്ക്, അവർക്കുമാത്രം ഇപ്രകാരം പറയുവാൻ കഴിയും: "ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ?" (വാ. 31). ദൈവം തങ്ങളുടെ പക്ഷത്തുള്ളവർക്ക് എതിരെ നിലകൊള്ളുവാൻ ആർക്കും കഴിയുകയില്ല. ദൈവം അവർക്ക് എല്ലാം സൗജന്യമായി നൽകും(വാ. 32). ആളുകൾ അവരെകുറ്റപ്പെടുത്തുമ്പോൾ കർത്താവ് അവർക്കുവേണ്ടി പക്ഷവാദം ചെയ്യും(വാ.34). ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും അവരെ അകറ്റാൻ ആർക്കും കഴിയുകയില്ല. അതെത്ര അത്ഭുതകരമാണ്!അവർ എല്ലാ സാഹചര്യങ്ങളിലും ജയാളികളെക്കാൾ ഉന്നതമായ അവസ്ഥയിലാണ് (വാക്യം 37).

റോമർ 9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ യിസ്രായേലിനോടും സഭയോ





ടുമുള്ള ദൈവത്തിന്റെ ഇടപാടുകളെക്കുറിച്ചു നാം വായിക്കുന്നു. 9-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ പരമാധികാരത്തെ നാം കാണുന്നു. 10-ാം അദ്ധ്യാത്തിൽ ദൈവത്തിന്റെ നീതിയേയും 11-ാം അദ്ധ്യായത്തിൽ അവിടുത്തെ വിശ്വസ്തതയെയും.

ഈ മൂന്നദ്ധ്യായങ്ങളും യിസ്രായേലിനോടു ദൈവം ഇടപെട്ടതെങ്ങനെയെന്നുള്ളതിനു നമുക്കൊരു ദൃഷ്ടാന്തമായി കാണിച്ചിരിക്കുന്നു.പ്രധാന ഉദ്ദേശ്യം നമ്മെ താഴ്മയിലേക്കു നയിക്കുവാനാണ്-പ്രത്യേകിച്ചും 8-ാം അദ്ധ്യായം 31 - 39 വാക്യങ്ങൾ നമുക്കു നൽകുന്ന വലിയ വിശ്വാസത്തിനും അതിധൈര്യത്തിനും ശക്തിക്കും ശേഷം. അതു നമ്മെ ചീർപ്പിക്കുവാൻ സാദ്ധ്യതയുണ്ട്.

**അദ്ധ്യായം 9-11**

അതുകൊണ്ടു 12-ാം അദ്ധ്യായത്തിലേക്കു കടക്കും മുൻപെ നമുക്ക് 9 -11 അദ്ധ്യായങ്ങളിലെ പ്രബോധനം ആവശ്യമുണ്ട്-നമ്മെ താഴ്ത്തുവാൻ.

9-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ പരമാധികാരത്തെ നാം കാണുന്നു. നാം തെരഞ്ഞെടുക്കപ്പെട്ടതു നമ്മിലെ നന്മ കാരണമായിട്ടില്ല എന്ന തിരിച്ചറിവു നമ്മെ താഴ്മയുള്ളവരാക്കുന്നു.സ്വതന്ത്രമായ തെരഞ്ഞെടുപ്പിനു കഴിവുവരായിട്ടും ദൈവത്തിന്റെ പരമാധികാരത്തോടു നിരന്നു കൊൾവാനുള്ള വലിപ്പം നമ്മുടെ ബുദ്ധിക്ക് ഇല്ലാതെ പോയതും നമ്മെ വിനയാന്വിതരാക്കുന്നു.

10-ാം അദ്ധ്യായത്തിൽ ദൈവം നീതിമാനാണെന്നു നാം കണ്ടെത്തുന്നു. നമുക്കൊരിക്കലും ആ നീതി പ്രാപിക്കാൻ കഴിയില്ലെന്ന തിരിച്ചറിവു നമ്മെ താഴ്മയിലേക്കു നടത്തുന്നു.എങ്കിലും ഇന്നു വിശ്വാസത്താൽ അതു പ്രാപിക്കുവാൻ തക്കവണ്ണം ദൈവം കരുണ ചെയ്തു.

കർത്താവിനോടു പറയുക:"കർത്താവേ, എനിക്കു ഭൂമിയിൽ സ്വന്തമായി ലക്ഷ്യങ്ങളൊന്നുമില്ല. അങ്ങു ജീവിച്ചതുപോലെ ദൈവഹിതം തികെയ്ക്കണമെന്നുമാത്രം. പണമോ,സ്ഥാന മാനങ്ങളോ ജീവിതസുഖമോ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്കുവേണ്ടി ഒന്നും ഞാനാഗ്രഹിക്കുന്നില്ല. അങ്ങയെ പ്രസാദിപ്പിക്കണമെന്നു മാത്രമാണെന്റെ ദിനം തോറുമുള്ള ആഗ്രഹം. അതിൽ ഞാൻ എന്നെ നിരന്തരം വിധിച്ചുകൊണ്ടിരിക്കും." അങ്ങനെയെങ്കിൽ സകലവും നിങ്ങൾക്കു നന്മയ്ക്കായി കൂടി വ്യാപരിക്കും.

11-ാം അദ്ധ്യായത്തിൽ വിശ്വസ്തനായ ദൈവത്തെ നാം കാണുന്നു.നാം വീഴാതിരിക്കുന്നതു നമ്മുടെ വിശ്വസ്തതകൊണ്ടല്ല പകരം നമ്മോടുള്ള ദയയാലും ഖണ്ഡിതത്താലും വെളിപ്പെടുത്തുന്ന അവിടുത്തെ വിശ്വസ്തതയാലാണ് എന്ന കാര്യവും നമ്മെ താഴ്മയിലേക്കു നയിക്കുന്നു (11:22). അവിടുന്നു നമ്മോടു ദയയുള്ളവനാണ്. നാം അധൈര്യപ്പെട്ടും ക്ഷീണിച്ചും പോകുന്ന സമയങ്ങളിൽ അവിടുന്നു നമുക്കു ധൈര്യം പകരുന്നു എന്നാൽ നാം പാപത്തെക്കുറിച്ചു സൂക്ഷ്മതയില്ലാത്തവരായി വഴിവിട്ടു പോകുമ്പോൾ അവിടുന്നു ഖണ്ഡിതം പ്രയോഗിക്കയും നമ്മെ ശിക്ഷണം ചെയ്യുകയും ചെയ്യുന്നു.ഈ രണ്ടു കാര്യങ്ങളാലുമാണ് (കൃപയാലും സത്യത്താലും) നാം പരിപാലിക്കപ്പെടുന്നത്.

എന്താണീപ്പറഞ്ഞതിന്റെയൊക്കെ ഉപസംഹാരം? 8:31 - 39 ലെ ഉപസംഹാരത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ

ദൈവം ചിലരെ നരകത്തിനായും മറ്റു ചിലരെ നിത്യജീവനായും മുൻ നിയമിച്ചിരിക്കുന്നു എന്ന മട്ടിലുള്ള മുൻ വിധിയോടെയും തെറ്റുദ്ധാരണയോടെ നാം ദൈവത്തിന്റെ തെരഞ്ഞെടുപ്പിനെ കാണരുത്.അത്തരം ഉപദേശങ്ങൾ തീർത്തും തെറ്റാണ്.എല്ലാ മനുഷ്യരും മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെട്ട് തന്നോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്നാൽ അവിടുന്ന് ആരെയും നിർബന്ധിക്കുന്നില്ല. ആരൊക്കെ മാനസാന്തരപ്പെട്ട് ക്രിസ്തുവിനെ സ്വീകരിക്കുമെന്നുള്ള ദൈവത്തിന്റെ മുന്നറിവിൽ നിന്നാണു ദൈവത്തിന്റെ തെരഞ്ഞെടുപ്പ്.

ഒന്നാണിവിടെ.അവിടെ സുവിശേഷത്താൽ നമുക്കു ലഭിക്കുന്ന പ്രയോജനങ്ങളെക്കുറിച്ചു പറയുന്നു. ഇവിടെ ആത്യന്തികമായി ദൈവത്തിനു ലഭിക്കുന്ന എല്ലാ മഹത്വത്തെയും കുറിച്ചു പറയുന്നു. "എല്ലാം അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നു" (11:36)

നമുക്ക് ഈ അദ്ധ്യായങ്ങളിലേക്ക് ഒന്നു ശ്രദ്ധിക്കാം. 9-ാം അദ്ധ്യായത്തിൽ യിസ്രായേലിന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ചു നാം വായിക്കുന്നു.

ദൈവം ചിലരെ നരകത്തിനായും മറ്റു ചിലരെ നിത്യജീവനായും മുൻ നിയമിച്ചിരിക്കുന്നു എന്ന മട്ടിലുള്ള മുൻ വിധിയോടെയും തെറ്റുദ്ധാരണയോടെ നാം ദൈവത്തിന്റെ തെരഞ്ഞെടുപ്പിനെ കാണരുത്.അത്തരം ഉപദേശങ്ങൾ തീർത്തും തെറ്റാണ്.എല്ലാ മനുഷ്യരും മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെട്ട് തന്നോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. എന്നാൽ അവിടുന്ന് ആരെയും നിർബന്ധിക്കുന്നില്ല. ആരൊക്കെ മാനസാന്തരപ്പെട്ട് ക്രിസ്തുവിനെ സ്വീകരിക്കുമെന്നുള്ള ദൈവത്തിന്റെ മുന്നറിവിൽ നിന്നാണു ദൈവത്തിന്റെ തെരഞ്ഞെടുപ്പ്. 1 പത്രോസ് 1:1,2 വാക്യങ്ങളിൽ ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നു. യിസ്രായേലിന്റെ തെരഞ്ഞെടുപ്പ് സ്വർഗ്ഗം അവകാശമാക്കുവാൻ വേണ്ടി ആയിരുന്നില്ല. ഭൂമിയിലെ ചില പ്രത്യേക ശുശ്രൂഷകൾ നിറവേറ്റുവാനായിരുന്നു അവരുടെ വിളി.

ദൈവത്തിന്റെ എല്ലാ തെരഞ്ഞെടുപ്പുകളും സ്വർഗ്ഗത്തിലേക്കുള്ള ലക്ഷ്യത്തിനു വേണ്ടിയല്ല. ഭൂമിയിലെ പ്രത്യേക ശുശ്രൂഷകൾക്കു വേണ്ടിയാണ് ദൈവം വ്യക്തികളെ തെരഞ്ഞെടുക്കുന്നത്. നാം ആഗ്രഹിക്കുന്ന ശുശ്രൂഷകളല്ല ദൈവം സഭയിൽ നമുക്കു നൽകുന്നത്. ദൈവം യിസ്രായേലിനെ ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തു. എന്തുകൊണ്ടു ദൈവം ഇന്ത്യയെയോ ചൈനയെയോ തെരഞ്ഞെടുത്തില്ല? ദൈവത്തിന്റെ അധികാരത്തെ നമുക്കു ചോദ്യം ചെയ്തുകൂടാ. എന്തുകൊണ്ടാണ് ദൈവം ഒരുവനെ ഒരു അപ്പൊസ്തലനായും മറ്റൊരുവളെ വീട്ടമ്മയായും വിളിക്കുന്നത്? നമുക്കു ദൈവത്തെ ചോദ്യം ചെയ്തുകൂടാ.നമുക്കോരോരുത്തർക്കും നൽകേണ്ട വരങ്ങളേതെന്നും നൽകേണ്ട ശുശ്രൂഷകളെന്തെന്നും ദൈവം തന്നെ നിശ്ചയിച്ചിരിക്കുന്നു.

നമ്മുടെ എല്ലാ സാഹചര്യങ്ങളെയും ദൈവത്തിന്റെ പരമാധികാരത്തിൽ നിയന്ത്രിക്കുന്നതായി റോമർ 8:28 ൽ നാം കണ്ടു. 9-ാം അദ്ധ്യായത്തിൽ അതേ പരമാധികാരത്തിൽ ദൈവം പ്രത്യേക ദൗത്യങ്ങൾക്കായി ആളുകളെ തെരഞ്ഞെടുക്കുന്നതു നാം കണ്ടു. ഭൂമിയിലെ ചില പ്രത്യേക ദൗത്യങ്ങൾക്കായി ആളുകളെ

*(ശേഷം പേജ് 31 ൽ)*





## വ്യക്തികളിലൂടെ പ്രവർത്തിക്കുന്ന ദൈവം-2

# എതിർപ്പിനെതിരെ, ദൈവത്തിൽ ശരണപ്പെട്ട്....

(കഴിഞ്ഞലക്കത്തിൽ നിന്നു തുടർച്ച)

### എലീശ

ഏലിയാവിന്റെ കാലത്ത് യിസ്രായേലിൽ അൻപതു പ്രവാചക ശിഷ്യന്മാർ (ബൈബിൾ സ്കൂൾ വിദ്യാർത്ഥികൾ) ഉണ്ടായിരുന്നു. ഒരിക്കൽ യിസ്രായേലിലെ പ്രവാചകന്മാരായിത്തീരുവാൻ ഇവരെല്ലാവരും ആശിച്ചിരുന്നു. എന്നാൽ ദൈവാത്മാവ് അവരെയെല്ലാം മറികടന്ന് പ്രവാചക ശിഷ്യനല്ലാതിരുന്ന എലീശായുടെ മേൽ ആവസിക്കുകയാണുണ്ടായത് (2 രാജാ. 2:7,15). എലീശയാകട്ടെ ഒരു ഭൃത്യനെന്ന നിലയിൽ ഏലിയാവിന്റെ കൈയ്ക്ക് വെള്ളമൊഴിച്ചുകൊടുത്ത ഒരുവനെന്ന നിലയിൽ മാത്രമാണ് യിസ്രായേലിൽ അറിയപ്പെട്ടിരുന്നത് (2 രാജാ: 3:11).

അരാം രാജാവിന്റെ സൈന്യം യിസ്രായേലിനെ ആക്രമിച്ചപ്പോൾ ഈ ബൈബിൾ പണ്ഡിതന്മാരിലാർക്കും യിസ്രായേലിനെ രക്ഷിക്കുവാൻ സാധിച്ചില്ല. കാരണം, അവർ ബൈബിൾ സ്കൂളിൽ മോശയുടെ ന്യായപ്രമാണം അഭ്യസിച്ചിരുന്നുവെങ്കിലും ദൈവത്തെ അവർ അറിഞ്ഞിരുന്നില്ല.ദൈവവുമായി അഭിമുഖബന്ധം പുലർത്തിയിരുന്ന എലീശയ്ക്ക് മാത്രമേ ശത്രു ഏതു വഴിയാണ് ആക്രമിക്കുവാൻ വരുന്നതെന്ന് മുന്നറിയിപ്പു നൽകുവാൻ കഴിഞ്ഞുള്ളു.

ഇന്നും ഒരു പ്രവാചകന്റെ പ്രധാന ജോലി ഇതിനു തുല്യമാണ്.സാത്താൻ ദൈവജനത്തെ ആക്രമിക്കുന്നത് ഏതു കാര്യത്തിലെന്നു താക്കീതു നൽകുകയാണ് ആ ജോലി. 50 പ്രസംഗകന്മാരെ(പ്രവാചക ശിഷ്യന്മാരെ)ക്കാളധികം സഭയിൽ എലീശയെപ്പോലെയുള്ള ഒരു പ്രവാചകന് ആത്മീയ വിനാശത്തിൽ നിന്നു ദൈവജനത്തെ രക്ഷിക്കുവാൻ കഴിയും. ഒരുവന് ആത്മാവിന്റെ ശബ്ദം കേൾക്കുവാൻ കഴിയുന്നില്ലെങ്കിൽ ബൈബിൾ പരിജ്ഞാനം കൊണ്ട് യാതൊരു പ്രയോജനവുമില്ല. ദൈവശബ്ദം കേൾക്കുന്ന ഒരുവനു മാത്രമേ സാത്താന്റെ തന്ത്രങ്ങളിൽനിന്നും ആക്രമണത്തിൽനിന്നും സഭയെ രക്ഷിക്കാൻ കഴിയൂ.

പ്രാചീനകാലത്ത് പ്രവാചകന്മാരെ ദർശകന്മാർ എന്നുകൂടെ വിളിച്ചിരുന്നു (1 ശമു. 9:9).ദൈവദത്തമായ ഭാവിയിലേക്കു ചുഴിഞ്ഞിറങ്ങിക്കാണുവാൻ കഴിവുള്ളവരായിരുന്നു ഈ ദർശകന്മാർ. ശത്രു എവിടെയാണാക്രമിക്കുക എന്നും ഒരു പ്രത്യേക പ്രവർത്തന പരിപാടിയുടെ ആപൽസാധ്യത എന്തെന്നും അവർ അറിഞ്ഞിരുന്നു. അത്തരം ദർശകന്മാരെ ഇന്നും സഭയ്ക്ക് ആവശ്യമുണ്ട്.

### ദാനീയേൽ

യിസ്രായേൽ ജനത്തെ ഈജിപ്റ്റിൽ നിന്നു കനാനിലേക്കു നയിക്കുവാൻ ദൈവം ആഗ്രഹിച്ചപ്പോൾ അവിടുത്തേക്ക് ഒരു മനുഷ്യൻ ആവശ്യമായിരുന്നു.അതി

**ദാനീയേലിന് ഏകദേശം 90 വയസ്സുണ്ടായിരുന്ന കാലത്തു ബാബിലോണിൽ നിന്ന് യെരുശ ലേമിലേക്ക് യെഹൂദന്മാർ പ്രയാണം ചെയ്തതിന്റെ പ്രഥമ പ്രേരണ ദാനീയേലിന്റെ പ്രാർത്ഥനയായിരുന്നു. ഇന്നും ദൈവജനത്തിന്റെ ഇടയിൽ ആത്മീയ ബാബിലോണിൽ (വ്യാജ സഭയിൽ) നിന്ന് ആത്മീയ യെരുശ ലേമിലേക്ക് (ക്രിസ്തുവിന്റെ ശരീര മാകുന്ന സഭയിലേക്ക്) മുന്നേറി ക്കൊണ്ടിരിക്കുന്ന ഒരു പ്രയാണമു ണ്ട്. ഈ പ്രയാണത്തിനും പ്രേരക ശക്തിയായിത്തീരുവാൻ ദൈവ ത്തിന് ആളുകളെ ആവശ്യമുണ്ട്.**

ലേക്ക് അവിടുന്നു മോശയെ കണ്ടെത്തി. യെഹൂദജനത്തെ ബാബിലോണിൽനിന്നു യെരുശലേമിലേക്കു നയിക്കുവാൻ അവിടുത്തേക്കു മറ്റൊരാളെ വേണ്ടിവന്നു. അവിടുന്ന് ദാനിയേലിനെ കണ്ടെത്തി.

ഈജിപ്റ്റിലെ അടിമത്ത കാലത്തിന്റെ ദൈർഘ്യം പ്രവചിക്കപ്പെട്ടിരുന്നതു പോലെ ബാബിലോണിയൻ പ്രവാസത്തിന്റെ കാലദൈർഘ്യവും (70 വർഷം) പ്രവചിക്കപ്പെട്ടിരുന്നു. എന്നാൽ ഈ ഘട്ടത്തിൽ മോശയുടെ കാലത്തിൽനിന്നു വ്യത്യസ്തമായി ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതിന് ഒരൊറ്റ ദിവസത്തിന്റെ പോലും താമസമുണ്ടായില്ല. കാരണം, ദൈവത്തിന്റെ മനുഷ്യൻ തക്ക സമയത്തുതന്നെ സന്നദ്ധനായിരുന്നു.

ദാനീയേൽ ചെറുപ്പം മുതലേ വിശ്വസ്തനായിരുന്നു.തന്റെ മുമ്പിൽ വന്ന എല്ലാ പരിശോധനയിലും അദ്ദേഹം അത്ഭുതകരമായ വിജയം നേടി.ബാബിലോണിൽവച്ച് ഒരു നവ യുവാവെന്ന നിലയിൽത്തന്നെ അദ്ദേഹം കർത്താവിനു വേണ്ടി ഉറച്ച ഒരു നിലപാടു സ്വീകരിച്ചു.'തന്നെത്താൻ അശുദ്ധനാക്കുകയില്ല' എന്ന് അദ്ദേഹം ഹൃദയത്തിൽ നിശ്ചയിച്ചു (ദാനീ: 1:8).എല്ലാ യുവജനങ്ങൾക്കും ഓർമ്മവയ്ക്കുവാൻ ഏറ്റവും പറ്റിയ ഒരു വാക്യമാണിത്.

രാജാവിന്റെ മേശമേൽ വിളമ്പിയിരുന്ന ഭക്ഷണം (ലേവ്യ പുസ്തകത്തിൽ പറയുന്നതനുസരിച്ചു നിരോധിക്കപ്പെട്ടിരുന്ന ഭക്ഷണം) മറ്റെല്ലാ യഹൂദ യുവാക്കളും മടിയില്ലാതെ ഭക്ഷിച്ചപ്പോൾ ദാനീയേൽ മാത്രം അതു ഭക്ഷിച്ചില്ല.ദാനീയേൽ ഇപ്രകാരം ഒരു നിലപാടു സ്വീകരിച്ചതായി ക്കണ്ട് അദ്ദേഹത്തിന്റെ മാർഗം പിന്തുടർന്ന മൂന്നു യുവാക്കന്മാർ കൂടെ അന്ന് അതേ മേശമേൽ ഭക്ഷണം കഴിച്ചവരിൽ ഉൾപ്പെട്ടിരുന്നു.അതിനുശേഷം ദാനീയേലും ഈ മൂന്നു യുവാക്കന്മാരും ബാബിലോണിൽ ദൈവത്തിനുവേണ്ടി ഉറച്ച ഒരു സ്വാധീനശക്തിയായിത്തീർന്നു.

70 വർഷത്തിനു ശേഷം ദാനീയേലിന് ഏകദേശം 90 വയസ്സുണ്ടായിരുന്ന കാലത്തു ബാബിലോണിൽ നിന്ന് യെരുശലേമിലേക്ക് യെഹൂദന്മാർ പ്രയാണം ചെയ്തതിന്റെ പ്രഥമ പ്രേരണ ദാനീയേലിന്റെ പ്രാർത്ഥനയായിരുന്നു.

ഇന്നും ദൈവജനത്തിന്റെ ഇടയിൽ ആത്മീയ ബാബിലോണിൽ (വ്യാജ സഭയിൽ) നിന്ന് ആത്മീയ യെരുശലേമിലേക്ക് (ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലേക്ക്) മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു പ്രയാണമുണ്ട്. ഈ പ്രയാണത്തിനും പ്രേരക ശക്തിയായിത്തീരുവാൻ ദൈവത്തിന് ആളുകളെ ആവശ്യമുണ്ട്.

ദാനിയേലിന്റെ മൂന്നു സ്നേഹിതന്മാരായ ഹനന്യാവ്, മിശായേൽ, അസര്യാവ് എന്നിവരെപ്പോലെയുള്ള (ദാനീ: 1:11) പലരും ഇന്നുണ്ട്. കർത്താവിനുവേണ്ടി നിലകൊള്ളുവാൻ തൽപരരാണ് അവർ. എന്നാൽ സ്വന്തനിലയിൽ അതു ചെയ്യു





വാനുള്ള ധൈര്യം അവർക്കില്ല. തങ്ങളെ നയിക്കുവാൻ കഴിവുള്ള ഒരു ദാനീയേലിനുവേണ്ടി അവർ കാത്തിരിക്കുകയാണ്. അങ്ങനെ ദൈവം ഇന്നും ദാനീയേൽമാർക്കായി കാത്തിരിക്കുന്നു.

**പൗലൊസ്**

പുതിയ ഉടമ്പടിയിൽ കീഴിൽ എവിടെയെങ്കിലുമുള്ള ഏതെങ്കിലുമൊരു മനുഷ്യനെ മാത്രമല്ല,തന്റെ എല്ലാ മക്കളെയും ഉപയോഗിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.എങ്കിലും എല്ലാ വിശ്വാസികളും പുതിയ ഉടമ്പടിയുടെ വ്യവസ്ഥയനുസരിച്ചു ജീവിക്കുന്നെങ്കിൽ മാത്രമേ ഇതു സാധ്യമാവുകയുള്ളു.എന്നാൽ ഭൂരിപക്ഷം വിശ്വാസികളും പാപത്തോടു തോറ്റ ജീവിതം നയിക്കുന്നവരും ഭൗതികൈശ്വര്യപ്രധാനമായ ഒരു സുവിശേഷം പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരുമാണ്. തങ്ങൾക്കും ക്രിസ്തുവിനുമിടയിൽ മദ്ധ്യസ്ഥനായി ഒരു പാസ്റ്ററെയും അവർക്കാവശ്യമാണ്. പലവിധത്തിനും ഇപ്പോഴും അവർ പഴയനിയമത്തിലെ യിസ്രായേൽ ജനതയെപ്പോലെ തന്നെ ജീവിച്ചുപോരികയും ചെയ്യുന്നു.

ഈ കാരണത്താൽ പല സാഹചര്യങ്ങളിലും പഴയനിയമകാലത്തെന്ന പോലെ തന്റെ സഭയിൽ സാത്താൻ കടക്കാതെ അവനെ പുറത്തു നിറുത്തുന്നതിലേക്ക് ദൈവത്തിന് വീണ്ടും ഒറ്റയൊറ്റ മനുഷ്യരെ ആശ്രയിക്കേണ്ടി വരുന്നു.

എഫേസോസിലെ സഭയിൽ എന്താണു സംഭവിച്ചതെന്നാലോചിക്കുക.പൗലൊസ് മറ്റേതു സഭയിൽ ചെലവഴിച്ചതിലും അധികം സമയം അവിടെ ചെലവഴിച്ചു.മൂന്നു വർഷക്കാലത്തേക്ക് ഓരോ ദിവസവും അദ്ദേഹം ദൈവത്തിന്റെ മുഴുവൻ ആലോചനയും വ്യക്തമാക്കിക്കൊണ്ട് അവിടെ പ്രസംഗിച്ചു (അപ്പോ: പ്രവൃ: 20:31). ഇങ്ങനെ എല്ലാ സഭകളിലും വച്ച് ഏറ്റവുമധികം ഭാഗ്യം ലഭിച്ച ഒരു സഭയായിരുന്നു അവിടെയുണ്ടായിരുന്നത്. അവരുടെ പേർക്ക് പൗലൊസ് എഴുതിയ ലേഖനത്തിലെ ഉപദേശങ്ങളുടെ ഉയർന്ന നിലവാരം നോക്കിയാൽ ആത്മീയ വീക്ഷണമുണ്ടായിരുന്ന ഒരു സഭയായിരുന്നു അതെന്നും വ്യക്തമാകും.അതുകൊണ്ട് കൂടുതലാളുകൾ പുതിയനിയമ വ്യവസ്ഥയിലുള്ള ജീവിതത്തിലേക്കു കടക്കുവാൻ സാധ്യതയുള്ള ഏതെങ്കിലുമൊരു സഭയുണ്ടായിരുന്നെങ്കിൽ അത് എഫേസോസിലെ സഭയായിരുന്നു.എന്നാൽ കഷ്ടം തന്നെ! വാസ്തവം അപ്രകാരമായിരുന്നില്ല, അവിടത്തെ സഭാമൂപ്പന്മാർ പോലും അത്തരമൊരു ജീവിതത്തിലേക്കു കടന്നിരുന്നില്ല.

താൻ ഈ മൂപ്പന്മാരെ വിട്ടുപോകുന്ന സമയത്ത് പൗലൊസ് അവരോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കുമെന്നു ഞാൻ അറിയുന്നു.ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്നും എഴുന്നേല്ക്കും' (അപ്പോ. പ്ര. 20:29,30).

പൗലൊസ് സ്വയം എഫേസോസിൽ സന്നിഹിതനായിരുന്ന കാലത്തോളം ഒരു ചെന്നായ്ക്കും അവിടെ കടക്കുക സാദ്ധ്യമായിരുന്നില്ല.കാരണം, പൗലൊസ് ആട്ടിൻകൂട്ടത്തെ ജാഗ്രതയോടെ സൂക്ഷിക്കുന്ന ഒരിടയനും കർത്താവിന്റെ ഭവനത്തിന്റെ തീക്ഷ്ണതയുള്ള ഒരു കാവൽക്കാരനുമായിരുന്നു.പൗലൊസ് അവിടെ ഉണ്ടായിരുന്ന കാലത്തോളം സ്വന്തതാൽപര്യമന്വേഷിച്ചിരുന്ന മൂപ്പന്മാർക്ക് പോലും ഒരൊറ്റ ശിഷ്യനെയും തങ്ങളുടെ പിന്നാലെ വലിച്ചുകൊണ്ടു പോകുവാൻ സാധിച്ചില്ല.പൗലൊസിന്റെ മുമ്പിൽ അവരെല്ലാം ശക്തിഹീനരായിരുന്നു.

ഈ മൂപ്പന്മാരുടെ ആത്മീയ നിലവാരം പൗലൊസിന് അറിയാമായിരുന്നു. അതിനാൽ താൻ എഫേസോസ് വിട്ട ഉടൻ തന്നെ ചെന്നായ്ക്കളും സ്വാർത്ഥതൽപരരായ മൂപ്പന്മാരും സഭയെ തകിടം മറിക്കുമെന്നും അവിടെയുള്ള കർത്താവിന്റെ സാക്ഷ്യം ദുഷിച്ചുപോകുമെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു.മുപ്പതു വർഷം കഴിഞ്ഞുള്ള എഫേസോസിലെ സഭ ഭയാനകമായ വിധം പിന്മാറ്റത്തിലായിപ്പോയതായി വെളിപ്പാട് 2:1-7 വാക്യങ്ങളിൽ നാം കാണുന്നു.

എഫേസോസിലെ സഭയിൽനിന്ന് അതിന്റെ ആദ്യത്തെ മൂന്നു വർഷക്കാലം സാത്താനെ പുറത്തു നിറുത്തിയത് ആരായിരുന്നു?പൗലൊസ് എന്ന ഒരേയൊരു മനുഷ്യൻ.പൗലൊസ് ദൈവത്തിന്റെ കൺമുമ്പിൽ മാത്രം ജീവിച്ചിരുന്നതിനാൽ സാത്താന് അദ്ദേഹത്തിന്റെ മേൽ ഒരധികാരവും ഉണ്ടായിരുന്നില്ല.അവൻ പൗലൊസിനെ ഭയപ്പെട്ടിരുന്നു.എന്നാൽ എഫേസോസിലെ മറ്റെല്ലാ മൂപ്പന്മാരെയും തനിക്ക് അനായാസം കൈകാര്യം ചെയ്യാമെന്ന് സാത്താൻ അറിഞ്ഞിരുന്നു.

കഴിഞ്ഞ ഇരുപതു ശതാബ്ദങ്ങളിൽ ക്രൈസ്തവലോകത്തിൽ സത്യം പുന:സ്ഥാപിക്കുവാൻ ദൈവം ആരംഭിച്ച എല്ലാ പ്രസ്ഥാനങ്ങളുടെയും കഥ ഈ വിധത്തിൽ തന്നെയായിരുന്നു.ശതാബ്ദങ്ങളായി മറഞ്ഞുകിടന്ന തിരുവചന സത്യങ്ങളെ സഭയിൽ പുന:സ്ഥാപിക്കുവാൻ ദൈവം ഒരു മനുഷ്യനെ ഒരു പ്രത്യേക കാലത്ത്, ഒരു പ്രത്യേക സ്ഥലത്ത്, എഴുന്നേല്പിക്കുന്നു. ആ മനുഷ്യനു ദൈവം രഹസ്യത്തിൽ പരിശീലനം നൽകുകയും പിന്നീട് അയാളെ പരസ്യമായ ഒരു ശുശ്രൂഷയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഭൂരിപക്ഷം വിശ്വാസികളും അയാളെ നിന്ദിക്കുകയും 'ദുരുപദേശക്കാരൻ' എന്നു പറഞ്ഞ് ആക്ഷേപിക്കുകയും കള്ള പ്രവാചകനെന്നു മുദ്രയടിച്ചു പുറംതള്ളുകയും ചെയ്യുന്നു.എന്നാൽ കേൾപ്പാൻ ചെവിയും കാൺമാൻ കണ്ണുമുള്ള ചുരുക്കം ചിലർ അദ്ദേഹത്തെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകനെന്നു മനസ്സിലാക്കി അദ്ദേഹത്തോടു ചേരുന്നു.അങ്ങനെ ആ ചുരുക്കം പേരിലൂടെ ആ തലമുറയിൽ കർത്താവിന്റെ ഒരു സാക്ഷ്യം ഉയർന്നുവരുന്നു. എന്നാൽ അദ്ദേഹം മരണമടയുന്നതോടെ കാര്യങ്ങൾ അധ:പതിക്കുകയും വളരെ വേഗത്തിൽ ഈ പുതിയ സമൂഹവും അധ:പതിച്ച് മറ്റെല്ലാ സഭാ വിഭാഗങ്ങളെയും പോലെ ബാബിലോണിന്റെ ഒരു ഭാഗമായിക്കലാശിക്കുകയും ചെയ്യുന്നു.

ക്രൈസ്തവചരിത്രത്തിലെ ഒരൊറ്റ നേതാവിനു പോലും തന്നെപ്പോലെ അതേ ദൈവികദർശനമുള്ള നേതാക്കളുടെ ഒരു രണ്ടാം തലമുറയെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ മനുഷ്യരെല്ലാം താന്താങ്ങളുടെ തലമുറയിൽ ദൈവഹിതം നിറവേറ്റുന്ന ഒരു വലിയ വേല ചെയ്തിട്ടുണ്ട് (അപ്പോ: പ്ര: 13:36).എന്നാൽ അടുത്ത തലമുറ വരുന്നതോടെ തന്റെ നാമത്തിന് വിശുദ്ധമായ ഒരു സാക്ഷ്യം ഉണർത്തണമെങ്കിൽ എപ്പോഴും ദൈവത്തിന് പുതിയൊരാരംഭം ഇടേണ്ടിവരുന്നു.

ഇത് സഭാചരിത്രത്തിലുടനീളം സംഭവിച്ചിട്ടുള്ളതായി നാം കാണുന്നു.ഇന്നു തങ്ങളുടെ സ്ഥാപകന്മാർ പ്രഖ്യാപിച്ച അതേ ഉപദേശങ്ങൾ തന്നെ ഇവരെല്ലാം പ്രചരിപ്പിക്കുന്നുണ്ടെങ്കിലും എല്ലാവരും തന്നെ ആ സ്ഥാപകന്മാർക്കുണ്ടായിരുന്ന ദർശനത്തിൽ നിന്നും ജീവിതത്തിൽ നിന്നും വ്യതിചലിച്ചു പോയിരിക്കുന്നു. ഒന്നുകിൽ ഒരു വശത്ത് ലോകമയത്വം, ഒത്തുതീർപ്പു മനോഭാവം എന്നിവയിലോ അല്ലെങ്കിൽ മറുവശത്ത് പരീശ മനോഭാവം, നിയമദാസ്യം എന്നിവയിലോ അവരെല്ലാം വീണുപോയിരിക്കുന്നു.





# ബൈബിളിലൂടെ

26-ാം പേജിൽ നിന്നു തുടർച്ച

ജനനം മുതൽ ഒരുക്കിയെടുക്കുന്നു. ഫറവോനെപ്പോലും ദൈവം തന്റെ പ്രത്യേക പദ്ധതിക്കായി ഉപയോഗിക്കുന്നതു നാം കാണുന്നു (റോമ: 9:17). ഫറവോൻ ദൈവത്തോടു നിരന്തരം എതിർത്തു നിന്നു. ഒരിക്കലും മാനസാന്തരപ്പെട്ടില്ല. അവൻ മാനസാന്തരപ്പെടാത്തതിനാൽ ദൈവം അവന്റെ ഹൃദയത്തെ കഠിനമാക്കികൊണ്ടു തന്റെ ശക്തി പ്രകടിപ്പിച്ചു. നിങ്ങൾക്കു ദൈവത്തെ തോല്പിക്കാൻ കഴിയില്ല. ദൈവത്തോടു പോരാടിയാൽ തീർച്ചയായും നിങ്ങൾ പരാജയപ്പെടും.

പത്താം അദ്ധ്യായത്തിൽ പൗലൊസ് ദൈവത്തിന്റെ നീതിയെക്കുറിച്ചു സംസാരിക്കുന്നു. യഹൂദജനം നീതിയെ പ്രാപിച്ചില്ല (9:31).കാരണം അവർ തെറ്റായ വഴിയിലൂടെയാണു നീതിയെ അന്വേഷിച്ചത് -ന്യായ പ്രമാണത്തിലൂടെ. ഇന്നും അതേ തെറ്റായ വഴി പിന്തുടരുന്ന ക്രിസ്ത്യാനികൾ ഉണ്ട്.എങ്ങനെയാണു നമുക്കു ദൈവത്തിന്റെ നീതി പ്രാപിക്കാൻ കഴിയുന്നത്?പത്താമദ്ധ്യായത്തിലെ 6 - 8 വരെയുള്ള വാക്യങ്ങൾ അക്കാര്യം നമുക്കു പറഞ്ഞുതരുന്നു. അതു നമുക്കു പുറത്തുള്ള ഒരു കാര്യമാണ്.നമ്മുടെ നാവുകൊണ്ട് ഏറ്റു പറയേണ്ട വിശ്വാസത്തിന്റെ വാക്കുകളാണ്. "ഹൃദയം കൊണ്ടു വിശ്വസിക്കയും വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും"(വാ.9). നാം വായ്കൊണ്ട് ഏറ്റു പറയണം.എന്നാൽ ഇന്ന് അനേകം പ്രസംഗകർ പഠിപ്പിക്കുന്ന കാര്യങ്ങളുമായി ഇതിനെ കൂട്ടിക്കുഴച്ച് ആശയക്കുഴപ്പമുണ്ടാക്കരുത്. നിങ്ങൾ എന്തെങ്കിലും കാര്യം ദൈവത്തോട് അപേക്ഷിക്കയും നിങ്ങൾക്കതു ലഭിച്ചു എന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ചെയ്താൽ നിങ്ങൾക്കതു ലഭിക്കുമെന്ന് അവർ പഠിപ്പിക്കുന്നു. രോഗ സൗഖ്യമോ, പുതിയ വീടോ, കാറോ എന്തു തന്നെ ആയാലും ലഭിക്കും.ഈ ഉപദേശം വചനത്തിനു നിരക്കുന്നതല്ല. ദൈവം തന്റെ വചനത്തിൽ വാഗ്ദാനം ചെയ്യുന്നകാര്യങ്ങൾ മാത്രമേ നാം ഏറ്റു പറയാൻ പാടുള്ളൂ. 17-ാം വാക്യത്തിൽ പറയുന്നതു ശ്രദ്ധിക്കുക. "വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും ഉണ്ടാകുന്നു".നിങ്ങൾക്കു വേണ്ടതെന്താണെന്നുള്ളതിലല്ല നിങ്ങൾ തുടങ്ങേണ്ടത്. മറിച്ച് നിങ്ങൾക്കു ദൈവം എന്തു നൽകാമെന്ന് തന്റെ വചനത്തിൽ വാഗ്ദാനം ചെയ്തിരിക്കുന്നുവോ അതിലാണ്. 'ക്രിസ്തുവിന്റെ വചനം' എന്ന ആ പ്രയോഗം പ്രത്യേകമായും പുതിയ നിയമത്തെത്തന്നെ കാണിക്കുന്നു. "പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ല" (റോമ 6:14) എന്നു തുടങ്ങിയ പുതിയനിയമ വാഗ്ദാനങ്ങളെത്തന്നെ നാം വിശ്വസിച്ച് ഏറ്റു പറയണം. അവ നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകട്ടെ. നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ അവ ഏറ്റുപറയണം. ഒരു പക്ഷേ പാപത്തിന്റെ കാര്യത്തിൽ നിങ്ങൾ ഒരു തികഞ്ഞ പരാജയമായിരിക്കാം.എന്നാൽ വിജയം ഏറ്റപറയുക.ഒരു കുഞ്ഞുപോലുമില്ലാതിരുന്നപ്പോൾ "ഞാൻ ബഹുജാതികളുടെ

---

എങ്കിലും ഓരോ തലമുറയിലും തന്റെ നാമത്തിനുവേണ്ടി വിശുദ്ധമായ ഒരു സാക്ഷ്യം ഉയർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു.ഇന്നത്തെ തലമുറയിൽപോലും തനിക്ക് ഒരു സാക്ഷ്യവുമില്ലാത്ത ഒരവസ്ഥ ദൈവം അഭിലഷിക്കുന്നില്ല.അതുകൊണ്ട് ഈ തലമുറയിൽ ദൈവഹിതം നിറവേറ്റുന്നതിലേക്ക് ആവശ്യമായ വില കൊടുക്കുവാൻ നിങ്ങൾ സന്നദ്ധനോ? (അവസാനിച്ചു)

❖

പിതാവ്'' എന്നു അബ്രഹാം ഏറ്റു പറഞ്ഞതുപോലെ, ഏറ്റു പറഞ്ഞുകൊണ്ടിരിക്കുക-''ഈ നാളുകളിലൊന്നിൽ പാപത്തിന് എന്റെ മേലുള്ള കർത്തൃത്വം ഇല്ലാതെയാകും.'' ഇതു വിജയം ലഭിക്കുന്നതുവരെ തുടരുക.ഞാൻ അനേക വർഷങ്ങൾ പരാജിതനായിരുന്നു.എന്നാൽ ഞാൻ ഏറ്റു പറഞ്ഞുകൊണ്ടേയിരുന്നു. "പാപം ഈ നാളുകളിൽ എന്റെ മേൽ കർത്തൃത്വം നടത്തുകയില്ല.''ഒരു ദിവസം അതു യാഥാർത്ഥ്യമായിത്തീർന്നു.

**അദ്ധ്യായം 11**

പതിനൊന്നാം അദ്ധ്യായം,ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചാണു പറയുന്നത്. ദൈവം നമുക്കു നന്മ ചെയ്തിരിക്കുന്നതുകൊണ്ടു നാം പ്രശംസിക്കയും നിഗളിക്കയും ചെയ്യരുതെന്നു നമ്മോടു പറയുന്നു. "വഞ്ചിക്കപ്പെടരുത് സ്വഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും. (വാ. 20,21). നമുക്കു ദൈവത്തിന്റെ വൃക്ഷത്തിലെ ഒരു ശാഖയായിത്തീർന്ന ശേഷം വെട്ടിമാറ്റപ്പെടാൻ കഴിയും. ഈ മുന്നറിയിപ്പ് തിരുവെഴുത്തുകളിലുടനീളം നാം കാണുന്നു. (ലൂക്കോ. 11:35; എബ്രാ. 3:12 മുതലായവ കാണുക). നിഗളമാണ് മുറിച്ചു മാറ്റപ്പെടുന്നതിലേക്കു നയിക്കുന്നത്. താഴ്മയിലിരിക്കുന്നവർക്കു ഭയപ്പെടേണ്ട കാര്യമില്ല.

(തുടരും)

**മൊഴിമാറ്റം: ബോബി ചെറിയാൻ**

## മരണമേ, നിന്റെ ജയം എവിടെ?

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം ഒരിക്കൽപോലും ഒരു ശിഷ്യൻ 'മരിച്ചെ'ന്നു പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം ഉപയോഗിച്ചിരിക്കുന്ന പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

* സ്തേഫാനോസ്............ *നിദ്ര പ്രാപിച്ചു.* (അപ്പോ. പ്രവൃത്തി 7:60)

* പത്രോസ് പറയുന്നു "നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്ക് അറിവുതന്നതുപോലെ *എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ* അടുത്തിരിക്കുന്നു. (2 പത്രൊസ്. 1:13)"

* പൗലൊസ് പറയുന്നു "എന്റെ *യാത്രാസമയവും* അടുത്തിരിക്കുന്നു" (ഇംഗ്ലീഷ്). ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം ഒരു തുറമുഖത്തുനിന്ന് ഒരു പായ്ക്കപ്പൽ യാത്രപുറപ്പെടാനായി അതിന്റെ കയറുകൾ അഴിച്ചും പായ്കൾ നിവർത്തിയും കാറ്റിന് സ്വയം ഏല്പിച്ചു കൊടുക്കുമ്പോൾ ഉപയോഗിക്കുന്ന പദമാണ്.

* 'മരിച്ചു' എന്നു രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങളിൽ തന്നെ മരണത്തെ ഒരു വിശേഷണം ചേർത്താണ് പറഞ്ഞിരിക്കുന്നത്. *ക്രിസ്തുവിൽ മരിച്ചവർ...* (1 തെസ്സലോ. 4:16)

*കർത്താവിൽ മരിക്കുന്ന* മൃതന്മാർ... (വെളിപ്പാട് 14:13) ചുരുക്കത്തിൽ ക്രിസ്തു മരണത്തെ ഇല്ലാതാക്കി; 'മരണം' എന്ന പദത്തെയും.

***- A.T. പിയേഴ്സൺ***

*(19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ക്രിസ്തുഭക്തൻ)*





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-25

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസറ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു.അദ്ഭുതസൗഖ്യം ലഭിച്ചു.വിവാഹിതനായി.ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു.*

## 'ദൈവത്തിന്റെ കലാലയം'

**ക**രാർ ഒപ്പിട്ടുകഴിഞ്ഞപ്പോൾ ആദ്യതുക നൽകാൻ റീസിന് പത്തു ദിവസത്തെ സാവകാശമേ ഉണ്ടായിരുന്നുള്ളൂ.ഒടുവിൽ പണവുമായി പോകേണ്ട സമയമായപ്പോഴും 140 പൗണ്ടിന്റെ കുറവുണ്ടായിരുന്നു.പക്ഷേ റീസ് കൃത്യസമയത്തു കയ്യിലുള്ള പണവുമായി എഡ്വേർഡ്സിന്റെ അഭിഭാഷകന്റെ ഓഫീസിലേക്കു പോയി. അദ്ദേഹം ഓഫിസിലെത്തി അല്പം കഴിഞ്ഞപ്പോൾ പിന്നാലെ എലിസബത്ത് ഓടിക്കിതച്ചെത്തി.അപ്പോൾ വന്ന തപാൽ ഉരുപ്പടികളുമായാണ് എലിസബത്ത് വന്നത്. അതിൽ മൂന്നു ചെക്കുകൾ ഉണ്ടായിരുന്നു. മൂന്നു ചെക്കുകളിലേയും തുക കൂട്ടി നോക്കിയപ്പോൾ കൃത്യം 140 പൗണ്ട്!.

മുഴുവൻ തുകയും കൊടുക്കേണ്ടി വന്നപ്പേഴായിരുന്നു യഥാർത്ഥ യുദ്ധം.റീസ് ഇതിനു മുൻപൊരിക്കലും ഇത്രയും ഭീമമായ തുക കൈകാര്യം ചെയ്തിട്ടില്ല.അതുകൊണ്ടു തന്നെ സമ്മർദ്ദം ഏറെയായിരുന്നു.പണത്തിനുവേണ്ടി എന്തെങ്കിലും അഭ്യർത്ഥന നടത്തുകയോ യോഗങ്ങളിൽ ഇക്കാര്യം പരസ്യപ്പെടുത്തുകയോ ചെയ്യാൻ റീസ് തയ്യാറല്ലായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ ദൈവത്തിൽ മാത്രമായിരുന്നു. എല്ലാ ദിവസവും രാവിലെ ആറു മുതൽ വൈകുന്നേരം അഞ്ചു മണിവരെ അദ്ദേഹം മുകളിലത്തെ നിലയിലെ മുറിയിൽ ദൈവത്തോടും ദൈവവചനത്തോടും ഒപ്പം ചെലവഴിച്ചു.തുടർന്നാണ് റീസ് ദിവസത്തെ ആദ്യഭക്ഷണം കഴിക്കുന്നത്.രാത്രികളിൽ ടോമി ഹൊവൽസ് എന്ന പ്രാർത്ഥനാകൂട്ടാളിയോടൊപ്പം പ്രാർത്ഥനയിൽ സമയം ചെലവിടും.ഇതായിരുന്നു രീതി.ഇങ്ങനെ പത്തുമാസം

പിന്നിട്ടപ്പോൾ വിജയം പൂർത്തിയായി.

ഈ നാളുകളിൽ ദൈവം റീസിനെ വിശ്വാസത്തിൽ കൂടുതൽ ഉറപ്പിച്ചു. ഹഗ്ഗായി 2:8 ൽ 'വെള്ളി എനിക്കുള്ളത്,പൊന്നും എനിക്കുള്ളത്' എന്ന വചനത്തിലൂടെ ദൈവം റീസിനെ ധൈര്യപ്പെടുത്തി. എസ്രാ ആറാം അധ്യായത്തിൽ ദൈവം ബാബിലോണിലെ ദാര്യാവേശ് രാജാവിന്റെ കോരെശ് രാജാവ് എഴുതിവച്ചിരുന്ന രേഖ പരിശോധിച്ച് യിസ്രായേൽ മക്കൾക്കു വേണ്ടതെല്ലാം യെരുശലേമിൽ എത്തിച്ചുകൊടുത്തു എന്നും കണ്ടു. ഇതും റീസിനെ വളരെ ഉത്സാഹിപ്പിച്ചു.

ബൈബിൾ കഴിഞ്ഞാൽ ജോർജ്ജ് മുള്ളറുടെ ആത്മകഥയാണു റീസിന് ആ ദിവസങ്ങളിൽ പ്രചോദനമായത്. വിശ്വാസത്താൽ മാത്രം അനാഥാലയങ്ങളും കെട്ടിടങ്ങളും വാങ്ങിയ ജോർജ്ജ് മുള്ളർ ആരോടും തന്റെ ആവശ്യം പറയാതെയും പണപ്പിരിവു നടത്താതെയുമാണ് അവ നേടിയതെന്നതു റീസിനു വലിയ ഉത്സാഹം പകർന്നു.

ഗ്ലിൻഡർവെന്നിന് അടുത്ത ഗഡുവായി അടയ്ക്കേണ്ടതു 2,000 പൗണ്ടായിരുന്നു.അഞ്ചു ഷില്ലിങ്ങു മുതൽ 300 പൗണ്ടു വരെ പലയിടത്തുനിന്നും സ്വമേധാസംഭാവനയായി ലഭിച്ചത് റീസ് സ്വരുകൂട്ടി വച്ചുകൊണ്ടിരിക്കവെ, പെട്ടെന്നൊരു ദിവസം എഡ്വേർഡ്സിന്റെ അഭിഭാഷകൻ വിളിച്ച് പിറ്റേന്നു തന്നെ പണം അടയ്ക്കണമെന്ന് ആവശ്യപ്പെട്ടു. റീസ് കയ്യിലുള്ള തുക എണ്ണിനോക്കിയപ്പോൾ 1,700 പൗണ്ടേ ഉള്ളൂ. 300 പൗണ്ട് കുറവ്. ആദ്യം റീസൊന്നു പകച്ചു.എന്തുകൊണ്ടാണു ദൈവം ഇതനുവദിച്ചത്.നാളെ പണത്തിന് എന്തുചെയ്യും എന്നു ചിന്തിച്ച് റീസ് ഹൃദയഭാരത്തോടെ സ്വാൻസീയിലെ വിൻഡ് സ്ട്രീറ്റിലൂടെ സാവധാനം നടന്നു പോകുകയായിരുന്നു.പെട്ടെന്ന് ഒരു മേൽപ്പാലത്തിന് അടിയിലൂടെ നടക്കവെ പെട്ടെന്ന് ഹൃദയത്തിൽ ഒരു ബോധ്യം ലഭിച്ചു - "ദൈവത്തിൽ എന്നേക്കുമായി വിശ്വസിക്കുക.കർത്താവാണ് എല്ലാറ്റിന്റേയും ഉറവിടം".

അതു സ്വർഗ്ഗത്തിൽ നിന്നു തന്നെയുള്ള വാക്കുകളായിരുന്നു. പിറ്റേന്നു 11 മണിക്ക് താൻ എഡ്വേർഡ്സിന്റെ അഭിഭാഷകന്റെ ഓഫീസിൽ പോകാൻ ഈ പാലം കടക്കുമ്പോൾ തന്റെ കയ്യിൽ രണ്ടായിരം പൗണ്ട് ഉണ്ടായിരിക്കുമെന്നു റീസ് ഉറപ്പായി വിശ്വസിച്ചു. ഹൃദയത്തിൽ വലിയ സമാധാനം ഉണ്ടായി. സന്തോഷംകൊണ്ടു നൃത്തം ചെയ്യാൻ പോലും റീസിനു തോന്നിപ്പോയി.

പിറ്റേന്നു രാവിലെ ആവശ്യമായിരുന്ന കൃത്യം 300 പൗണ്ട് റീസിനു തപാലിൽ ലഭിച്ചു.ആ പണം അയച്ച സഹോദരിയോടു പിന്നീടു ചോദിച്ചപ്പോൾ റീസിനു ഹൃദയത്തിൽ വലിയ ഉറപ്പു ലഭിച്ച അതേ സമയത്ത് അവർക്കു റീസിനു പണം അയയ്ക്കണമെന്ന വലിയ നിർബന്ധം ഹൃദയത്തിൽ അനുഭവപ്പെട്ടു.ആ ഭാരം വർധിച്ചു വന്നു. ഒടുവിൽ കട അടച്ചിട്ട് പോയി പണം റീസിന് അയച്ചശേഷമേ അവർക്കു ഹൃദയത്തിൽ സ്വസ്ഥത ലഭിച്ചുള്ളൂവത്രേ. ചുരുക്കത്തിൽ കൃത്യസമയത്തു തന്നെ മുഴുവൻ തുകയും റീസ് അടച്ചുതീർത്തു.ഓഫീർ തങ്കത്തിന്റെ വിലയായ കൃത്യം 6,150 പൗണ്ടാണ് റീസിന് എഴുത്തു കൂലിയും അഭിഭാഷകന്റെ ഫീസും മറ്റു ചെലവുമായി മൊത്തം കൊടുക്കേണ്ടി വന്നത്!

1924 ൽ കോളജ് ആരംഭിച്ചു.ഒരു തിങ്കളാഴ്ചയായിരുന്നു ഉദ്ഘാടനം യോഗം.സാമ്പത്തികത്തകർച്ചയുടെ ആ കാലഘട്ടത്തിൽ ദൈവം അദ്ഭുതകരമായി എങ്ങനെയാണു പ്രവർത്തിച്ചതെന്നു കേൾക്കുവാൻ ആയിരം പേരോളം യോഗത്തിനെത്തി.അന്നും തനിക്ക് ഒരു വിശ്വാസത്തിന്റെ പരിശോധന നേരിടേണ്ടി വന്നത് എങ്ങനെയാണെന്നു റീസു പറയുന്നു."ഇത്രയും പേരെ ഇരുത്താൻ തക്ക ഓഡിറ്റോറിയമോ കൂടാരമോ ഒന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല.തുറന്ന സ്ഥലത്തു വേണം യോഗം നടത്താൻ.ആളുകൾക്ക് ഇരിക്കാൻ ഞങ്ങൾ നൂറുകണക്കിനു കസേരകൾ വാടകയ്ക്കെടുത്തിരുന്നു.ആ ആഴ്ച മുഴുവൻ മഴയായിരുന്നു. ഞയറാഴ്ചയായപ്പോൾ എനിക്ക് ഉറപ്പു ലഭിച്ചു. പിറ്റേന്ന്, തിങ്കളാഴ്ച, മഴ ഉണ്ടാകുകയില്ല.പിറ്റേന്ന്, യോഗ ദിവസം, നല്ല തെഴിഞ്ഞകാലാവസ്ഥയായിരുന്നു. നിങ്ങൾ എല്ലാവരും തിരികെ വീടുകളിൽ എത്തുന്നതുവരെ ഒരു തുള്ളി മഴ ഉണ്ടാകുകയില്ലെന്നു ഞാൻ വന്നവർക്ക് ഉറപ്പു കൊടുത്തു."

ആ യോഗത്തിനു വന്നവരെല്ലാം പരിശുദ്ധാത്മാവിനാൽ സ്പർശിക്കപ്പെട്ടു. പിന്നീട് ഇതേ കോളജിൽ ഗ്രീക്ക്, എബ്രായ ഭാഷകരുടെ അധ്യാപകനായി സേവനം അനുഷ്ഠിച്ച റവ. ലിൻഫി ഡേവിസ് താൻ എങ്ങനെയാണ് ഈ യോഗത്തിന് ആത്മീയ ബോധ്യമില്ലാത്ത ഒരുവനായി വന്നതെന്നുംയോഗം കഴിഞ്ഞ് വിശ്വാസിയായി മടങ്ങിപ്പോയതെന്നും സാക്ഷ്യം പറയാറുണ്ടായിരുന്നു.ഒരു കമ്മിറ്റിയോ മത സംഘടനയോ ഇതിനു പിന്നിലില്ലെന്നു മനസ്സിലാക്കിയ വാർത്താ മാധ്യമങ്ങൾ പിറ്റേന്നു കോളജിനെ വിശേഷിപ്പിച്ചത് 'ദൈവത്തിന്റെ കലാലയം' എന്നാണ്.എത്ര അർത്ഥവത്തായ ഒരു പേര്! (തുടരും)

❖






## അടുത്തലക്കത്തിൽ ആരംഭിക്കുന്നു!

'സ്ത്രീയേ, നീ കരയുന്നതെന്ത്?' എന്നതിനുശേഷം **ആനി പുന്ന**ന്റെ മറ്റൊരു ഗ്രന്ഥം മലയാളത്തിൽ മൊഴിമാറ്റം ചെയ്തു തുടർച്ചയായി പ്രസിദ്ധീകരിക്കുന്നു!

# ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

**(ക്രിസ്ത്യാനിയായ ഒരു പെൺകുട്ടിയുടെ അനുഭവങ്ങൾ)**

ഒരു പെൺകുട്ടിയുടെ കൗമാരം മുതൽ വിവാഹത്തിന്റെ ആദ്യനാളുകൾ വരെയുള്ള അനുഭവങ്ങളുടെ ചിത്രീകരണം. ഇന്ത്യൻസമൂഹത്തിൽ ഇന്നു പല പെൺകുട്ടികളും അനുഭവിക്കുന്ന പ്രശ്നങ്ങളുടെ നേർചിത്രം. നിസ്സഹായയായ ഒരു പെൺകുട്ടി ദൈവ കൃപയിൽ ആശ്രയിച്ച് തന്റെ പ്രശ്നങ്ങളെ തരണം ചെയ്ത് ഊതിക്കാച്ചിയ പൊന്നുപോലെ പുറത്തുവരുന്നതിന്റെ കഥ.

**തുടക്കം മുതൽ വായിക്കുക!**

# ഡൊറോത്തിയും വില്യംകേരിയും

*16–ാം പേജിൽ നിന്നു തുടർച്ച*

കേരി പള്ളിയിൽ പോയി;അതിനാൽ തർജ്ജമ ചെയ്യാൻ താമസിച്ചു എന്നതുകൊണ്ട് ഒരു സ്ത്രീ പോലും അകാലത്തിൽ ഹോമിക്കപ്പെടരുത്. അന്നുമുഴുവനും അതിനായി ചെലവിട്ടു. തർജ്ജമ പൂർത്തിയാക്കി വൈകുന്നേരമായപ്പോൾ ഗവർണർ ജനറലിന് എത്തിച്ചുകൊടുത്തു.ഇന്ന്, സതിയെന്ന ആചാരം ഇവിടെ നിലനിന്നിരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാനാവാത്തവിധം കാലം കടന്നുപോയിരിക്കുന്നു.നല്ല കാര്യങ്ങളൊന്നും വെറുതെയങ്ങു സംഭവിച്ചതല്ലല്ലോ.അതിനുവേണ്ടി പ്രവർത്തിക്കാൻ ദൈവം കൃപ നൽകിയ ആളെ ഒരു നിമിഷം ഓർക്കുന്നത് നന്നായിരിക്കും. വില്യം കേരി എന്ന പേര് പാഠപുസ്തകങ്ങളിൽ കാണാത്തതിന് കേരിക്ക് പരിഭവവും ഉണ്ടാകാനിടയില്ല.

മിഷനെപ്പറ്റി കേട്ടറിഞ്ഞ് പതുക്കെയെങ്കിലും കൂടുതൽ മിഷനറിമാർ ഇന്ത്യയിലേക്ക് വന്നു തുടങ്ങി-മറ്റു സഭകളിൽ നിന്നും രാജ്യങ്ങളിൽ നിന്നും കൂടി. അവരെയൊക്കെക്കാണുന്നത് കേരിക്ക് വളരെ ഉത്സാഹമായിരുന്നു. അങ്ങനെയൊരിക്കൽ പരിചയപ്പെട്ടയാളാണ് അലക്സാണ്ടർ ഡഫ്.സ്കോട്ട്ലന്റുകാരനായ ഇദ്ദേഹം 1830 ൽ ബംഗാളിലെത്തി.നാട്ടുകാരെ പഠിപ്പിക്കാൻ സ്കൂളുണ്ടാകണമെന്ന ഡഫിന്റെ ആശയങ്ങൾ സഭാമേലധികാരികൾ അംഗീകരിച്ചില്ല. അതുകൊണ്ടാണയാൾ ഒരു ദിവസം കേരിയെക്കാണാനെത്തിയത്. ഊർജ്ജസ്വലനായ ആ ചെറുപ്പക്കാരൻ പറഞ്ഞതെല്ലാം കേട്ടുകൊണ്ടിരുന്ന കേരിക്ക് തന്റെ ഹൃദയപ്രകാരമുള്ള ഒരുവനെ അയാളിൽ കാണാൻ സാധിച്ചു. കേരിയുടെ അനുഗ്രഹവുമായാണ് അലക്സാണ്ടർ ഡഫ് അന്ന് അവിടെനിന്നു പോയത്. പാശ്ചാത്യ വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിലെ ഉന്നതന്മാർക്കിടയിൽ ക്രിസ്തുവിനെ പരിചയപ്പെടുത്തുക എന്ന ആശയമാണ് ഡഫിനുണ്ടായിരുന്നത്.

സെറാമ്പൂർ മിഷൻ, സ്വന്തം വരുമാനം കൊണ്ടും ഇന്ത്യയിലെ സ്നേഹിതരുടെ സംഭാവന കൊണ്ടും സ്വയംപര്യാപ്തതയിൽ മുന്നോട്ടു പോകുമ്പോൾ വീണ്ടും ഒരത്യാഹിതമുണ്ടായി.1830 ലെ സാമ്പത്തിക മാന്ദ്യമായിരുന്നു പ്രധാനമായും അതിനു പിന്നിൽ. സംഭാവനകൾ കുറഞ്ഞു.ബർമയിലെ യുദ്ധം കാരണം പ്രതിസന്ധിയിലായ സർക്കാർ, ചെലവു ചുരുക്കലിന്റെ ഭാഗമായി ഫോർട്ട് വില്യം കോളജിലെ പ്രൊഫസർ പോസ്റ്റുകളെല്ലാം നിർത്തലാക്കി. മറ്റുള്ളവരോടൊപ്പം കേരിയും അങ്ങനെ വർഷത്തിൽ 360 പവൻ പെൻഷൻ പറ്റി ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞു. ജീവിതകാലമത്രയും അരിഷ്ടിച്ചു കഴിഞ്ഞിരുന്ന കേരിക്ക് ഈ പണം ആവശ്യത്തിലധികമായിരുന്നു. പക്ഷേ അതല്ലല്ലോ കാര്യം. ഏതാണ്ടു മുപ്പതു വർഷമായി ലഭിച്ചിരുന്ന ശമ്പളം ചെറിയൊരു തുക ഒഴിച്ച് ബാക്കിയെല്ലാം മിഷനു കൊടുക്കുകയായിരുന്നു. മിഷന്റെ പ്രധാന വരുമാനമായിരുന്നു അത്.പൊടുന്നനെ അതില്ലാതെയായി.പണം മിച്ചം വന്ന അവസരങ്ങളിൽ മിഷൻ ചില ബിസിനസ്സ് സംരംഭങ്ങളിൽ നിഷേപം നടത്തിയിരുന്നു.മാന്ദ്യം അതിനേയും തകർത്തു. എഴുപത്തിഒന്ന് വർഷം തന്റെ സകലശക്തിയുടേയും പരമാവധിയിൽ ജീവിച്ചുപോന്ന ആ മനുഷ്യന് ഇത് ഒരാഘാതമായിരുന്നു.പക്ഷേ വിശ്വാസത്തിന് ഒരിളക്കവുമുണ്ടായില്ല.വലിയ കാര്യങ്ങൾ തനിക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന ദൈവം ഇപ്പോഴും അവിടെത്തന്നെയുണ്ടല്ലോ.





ഫോർട്ട്വില്യം കോളജിലെ യാത്രയയപ്പ് ഹൃദയഭേദകമായിരുന്നു. സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടേയും സ്നേഹാദരങ്ങൾ ഇത്രയും പിടിച്ചു പറ്റിയ മറ്റൊരാളില്ലായിരുന്നല്ലോ. അവർ തങ്ങളുടെ പ്രിയ പ്രൊഫസർക്ക് കണ്ണീരിൽ കുതിർന്ന മംഗളമാശംസിച്ചു. ഒരിക്കലും വെറുതെയിരിക്കാത്തയാൾക്ക് ഇപ്പോൾ കൂടുതൽ സമയം സെറാമ്പൂർ കോളജിൽ ചെലവഴിക്കാനായി.ദൈവശാസ്ത്രവും പിന്നെ തനിക്ക് പ്രിയപ്പെട്ട പ്രകൃതിശാസ്ത്രവും അവിടെ കുട്ടികളെ പഠിപ്പിച്ചു. ഞായറാഴ്ചകളിൽ ഏതെങ്കിലും സ്ഥലത്ത് പ്രസംഗിക്കും-ചിലപ്പോൾ ബംഗാളിയിൽ, ചിലപ്പോൾ ഇംഗ്ലീഷിൽ. അപ്പോഴും ബൈബിൾ തർജ്ജമ പ്രവർത്തനങ്ങൾ നിരന്തരം നടന്നുപോന്നു. ജോലിയിൽ നിന്നും പിരിഞ്ഞ ഈ കാലഘട്ടത്തിലാണ് ബംഗാളി പുതിയനിയമം ഒന്നുകൂടി പരിഷ്കരിക്കണമെന്ന് തോന്നിയത്. ജീവിതത്തിലുടനീളം ഒരുതരം ‘ജോലിഭ്രാന്ത’നായി എന്നാൽ സന്തോഷത്തോടെ അദ്ദേഹം കഴിഞ്ഞു. കണ്ണീർക്കടലിൽ വീണുപോകുന്ന അവസരങ്ങൾ പലതുണ്ടായെങ്കിലും, കാർമേഘങ്ങൾ ക്രമേണ മാറുകയും തന്റെ ജന്മസിദ്ധമായ ശുഭാപ്തി വിശ്വാസവുമായി മുന്നോട്ട് പോകുകയും ചെയ്തു.‘അദ്ദേഹം പ്രസന്നനും സന്തോഷവാനുമായിരിക്കുന്നു’ എന്ന് മാർഷ്മൻ അവസാനസമയത്ത് എഴുതുകയുണ്ടായി.

ചെടികളോടും പൂക്കളോടും കുട്ടിക്കാലം മുതൽക്കുള്ള തന്റെ ആകർഷണം ഒരിക്കലും കുറഞ്ഞില്ല. വിചിത്രമായ ഈ രാജ്യത്ത്, അന്യഭാഷകൾ പലതും പഠിക്കുന്ന തിരക്കിനിടയിലും പൂക്കളും ചെടികളും മരങ്ങളും ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്ന അത്ഭുതങ്ങളായിരുന്നു അദ്ദേഹത്തിന്. സെറാമ്പൂരിൽ വന്നപ്പോൾ തന്നെ തന്റെ വീടിനു ചുറ്റും ഒരു പൂന്തോട്ടമുണ്ടാക്കാൻ മറന്നില്ല.അഞ്ചേക്കർ സ്ഥലത്ത് സശ്രദ്ധം അപൂർവ്വയിനം വൃക്ഷങ്ങളും ചെടികളും കൊണ്ടുവന്നു വളർത്തി. ഇന്ത്യയിലെ മരങ്ങളുടെ ഒരു തൈയെങ്കിലും അവിടെ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.അധികനാൾ കഴിയും മുമ്പേ ഈ രാജ്യത്തെന്നല്ല,ഏഷ്യയിലെ തന്നെ ഏറ്റവും മനോഹര വൃക്ഷശേഖരമുള്ളൊരു ‘ബൊട്ടാണിക്കൽ ഗാർഡ’നായി അതു മാറി.ലോകത്തിന്റെ പല ഭാഗത്തുനിന്നും വൃക്ഷസ്നേഹികൾ സെറാമ്പൂരിലേക്കു വന്നുതുടങ്ങി.ഒരു ഒഴിവുസമയവിനോദമായിത്തുടങ്ങിയ ഇതും ഇന്ത്യയിലെ ജനങ്ങളുടെ ഉന്നമനത്തിനാകട്ടെ എന്ന വിചാരത്തോടെ അദ്ദേഹം ഒരു ‘ഹോർട്ടികൾച്ചർ സൊസൈറ്റി’ രൂപീകരിച്ചു. 1820ൽ ഗവർണർ ജനറൽ രക്ഷാധികാരിയായി സൊസൈറ്റി നിലവിൽ വന്നു. ഇതേ സമയം ലണ്ടനിലെ റോയൽ ഹോർട്ടികൾച്ചർ സൊസൈറ്റിയിലെ അംഗത്വവും കേരിക്കു ലഭിച്ചു. ഈ സംഘടനയുടെ പ്രതിനിധിയെന്ന നിലയിൽ ഇന്ത്യയിലെ വനങ്ങളുടെ സംരക്ഷണത്തിനും പുതിയ വനം ഉണ്ടാക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ 1833ൽ സർക്കാർ നിയോഗിച്ച കമ്മിറ്റിയിൽ കേരി അംഗമായിരുന്നു. ഇന്നിവിടെ അവശേഷിക്കുന്ന വനസമ്പത്തിനു പിന്നിലും പ്രകൃതിയിൽ ദൈവത്തിന്റെ കൈയ്യൊപ്പ് കാണാനായ ആ മനുഷ്യന്റെ ദീർഘദൃഷ്ടിയുണ്ടെന്ന് നാമെങ്കിലും അറിഞ്ഞിരിക്കണം.വർഷങ്ങൾ കടന്നുപോകവേ താനുണ്ടാക്കിയ ആ പൂന്തോട്ടത്തിൽ സമയം ചെലവഴിക്കാനായിരുന്നു അദ്ദേഹത്തിനിഷ്ടം. വൃക്ഷങ്ങളുടെ തണലിൽ പൂക്കളെനോക്കി അങ്ങനെയിരിക്കും.ഓരോ പൂവും അതിനെ സൃഷ്ടിച്ച ദൈവത്തിന്റെ സ്നേഹം ഉറക്കെ പ്രഖ്യാപിക്കുന്നതായേ അദ്ദേഹത്തിന് തോന്നിയുള്ളൂ.

ഊർജ്ജ്വസ്വലനായ കേരിക്കുപോലും തന്റെ വേഗം കുറയ്ക്കണമെന്ന് തോന്നി. നിശ്ചയിച്ചിരിക്കുന്ന സമയപരിധി കടന്നിരിക്കുന്നു.ഇടയ്ക്കിടെ ഉണ്ടാകുമായിരുന്ന പനി അദ്ദേഹത്തെ ക്ഷീണിപ്പിച്ചു.സ്വന്തമായി നടക്കാൻ പറ്റാത്ത നിലയിലായപ്പോൾ,ഒരു പലകയിൽ നാലുചക്രം പിടിപ്പിച്ച് അതിനു മുകളിൽ വച്ച കസേരയിൽ അദ്ദേഹത്തെ ഇരുത്തി സ്നേഹിതർ തോട്ടത്തിൽക്കൂടി തള്ളിക്കൊണ്ടു നടന്നു. 'മെല്ലെ, സ്നേഹിതാ മെല്ലെ' എന്ന് വണ്ടി തള്ളുന്നവരോട് അദ്ദേഹം പറയുമായിരുന്നു. 'ആ പൂക്കളുടെ അടുത്തേയ്ക്കെന്നെ കൊണ്ടു പോകൂ, അതിന്റെ സുഗന്ധം ഞാനാസ്വദിക്കട്ടെ, അവയുടെ മനോഹരത്വം ഞാൻ അടുത്തു കാണട്ടെ' എന്നും പറയും.

ഇതിനും വയ്യാതായി കട്ടിലിൽ കിടപ്പായപ്പോഴും പ്രകൃതിയോടുള്ള താത്പര്യത്തിന് കുറവുണ്ടായില്ല. തോട്ടക്കാരെ മുറിയിലേക്ക് വിളിച്ച് കാര്യങ്ങൾ ചോദിക്കും.ആ കിടപ്പിൽ കിടന്നാണ് ബംഗാളി പുതിയ നിയമത്തിന്റെ ഏറ്റവും പരിഷ്കരിച്ച പതിപ്പിന്റെ പ്രൂഫ് വായിച്ചത്.തുടർന്നുള്ള ദിവസങ്ങളിലും അതു മാത്രമാണ് വായിച്ചത്.മിഷനെ സംബന്ധിച്ച് ഇംഗ്ലണ്ടിലെ സഭയ്ക്കുണ്ടായിരുന്ന ചില തെറ്റിദ്ധാരണകൾ ഇക്കാലയളവിൽ മാറി.വർദ്ധിത വീര്യത്തോടെ മുന്നോട്ട് പോകുവാൻ അഭ്യർത്ഥിച്ചും പ്രവർത്തനങ്ങളെ അനുമോദിച്ചുമുള്ള ഒരു കത്ത് അവിടെ നിന്നും വന്നു. കത്ത് വായിച്ചു കേൾപ്പിച്ച മാർഷ്മനോട് ഇങ്ങനെ പറഞ്ഞു: 'എന്റെ പാനപാത്രം ഇപ്പോൾ നിറയുക മാത്രമല്ല കവിഞ്ഞൊഴുകുകയുമാണ്. ഈ ഭൂമിയിൽ എനിക്കിനി ആഗ്രഹിക്കാനൊന്നുമില്ല.'

ഗവർണർ ജനറലിന്റെ ഭാര്യ ബെന്റിക് പ്രഭ്വിയും കൊൽക്കത്ത ബിഷപ്പും അദ്ദേഹത്തെ അക്കാലത്ത് സന്ദർശിച്ചവരിൽപ്പെടും.അവസാന സന്ദർശകരിലൊരാൾ അലക്സാണ്ടർ ഡഫ് ആയിരുന്നു.തന്റെ വിദ്യാഭ്യാസ പദ്ധതിയുമായി വളരെക്കാലം മുമ്പ് കേരിയെക്കണ്ടതും അദ്ദേഹം പ്രോത്സാഹിപ്പിച്ചതും ഡഫ് ഓർമ്മിപ്പിച്ചു.കേരിയുടെ പ്രവർത്തനങ്ങളാണ് തന്റെ പ്രചോദനമെന്നും താൻ അദ്ദേഹത്തോടെന്തുമാത്രം കടപ്പെട്ടിരിക്കുന്നുവെന്നും ഡഫ് പറയാൻ മടിച്ചില്ല. സന്ദർശകർ പോകാനെഴുന്നേറ്റപ്പോൾ കേരി മൃദുസ്വരത്തിൽ പറഞ്ഞു: 'ഡഫ്, താങ്കൾ ഇത്രയും സമയം ഡോ. കേരിയെപ്പറ്റിയാണല്ലോ പറഞ്ഞുകൊണ്ടിരുന്നത്. ഞാൻ പോയിക്കഴിയുമ്പോൾ പക്ഷേ കേരിയെപ്പറ്റി ഒന്നും പറയരുത്.പറയേണ്ടത് കേരിയുടെ രക്ഷിതാവിനെപ്പറ്റിമത്രം.'

1834 ജൂൺ 9-ാം തീയതി സൂര്യനുദിച്ചപ്പോൾ മുന്നണിപ്പോരാളി കോണിയുടെ ഏറ്റവും മുകളിലെ അവസാനപ്പടിയിൽ കാലു ചവിട്ടിയിരുന്നു.തന്റെ യജമാനന്റെ നിത്യസാന്നിദ്ധ്യത്തിലേക്ക് അദ്ദേഹം പ്രവേശിച്ചപ്പോൾ ബംഗാളി ബൈബിളിന്റെ പുതിയ പതിപ്പ് നെഞ്ചോട് ചേർത്ത് പിടിച്ചിരുന്നു.

ഇന്ത്യ മഹാരാജ്യം, അതിന്റെ ഏറ്റവും വലിയ അഭ്യുദയകാംക്ഷിയോട് വിട പറഞ്ഞു. സെക്രട്ടേറിയറ്റിൽ അന്ന് ഡാനിഷ് പതാക പകുതി താണു പറന്നു.സെറാമ്പൂരിലെ സ്മാരകശിലയിൽ അദ്ദേഹം തന്നെ നിർദ്ദേശിച്ച പ്രകാരം 'കൃപയാൽ രക്ഷിക്കപ്പെട്ട പാപി' എന്നു മാത്രമെഴുതിയിരിക്കുന്നു.

(അവസാനിച്ചു)

**അടുത്ത ലക്കത്തിൽ:**

**അഡോണൈറാം ജഡ്സനും ആനും**





Youth Section




# What Does It Mean To Rejoice Always - 1

Sandeep Poonen

***Question:***

The Bible commands me to rejoice always. Can you explain what that means?

***Answer:***

Thank you for your question. This is a very important question, and something that is not immediately obvious. So I will try to do my best to share what I have learned so far.

We are indeed commanded to rejoice always. In fact, we see this command given twice and quite explicitly in the New Testament:

*Philippians 4:4 – Rejoice in the Lord always; again I will say, rejoice!*

*1 Thessalonians 5:16 – Rejoice always*

So there should be little doubt that rejoicing is a non-negotiable for the Christian. But yet, I'm also sure that we would readily agree that this is a really, really difficult command to obey.

I have found that when trying to understand how to obey a command in the Bible, I must be careful to understand the meaning of the command <u>by how the Bible defines it</u>, not by how my brain or my culture or even the dictionary defines it. So if I want to understand how to rejoice always, I must seek to understand the concept of joy by how the Bible talks about it.

And what I have found is that the joy that the Bible talks about is very different than every concept of joy that I had. So I need to adjust my view of joy to what the Bible describes.

So here are some thoughts that I have about joy:

1 **Joy that the Bible speaks about is not based on my circumstances**

The command to rejoice always was written by a person who was most probably sitting in a jail cell. How does your circumstance compare to sitting in a jail cell? Most of us have it better than that. So if Paul in his poor circumstance can tell me to rejoice, then it must be independent of my circumstances as well.

2 **Joy that the Bible speaks about is not an emotion**

This is a very tough one for me to embofy, but this is something that I am learning about as I understand joy as it is written in the Bible. Look at this little phrase in 2 Corinthians 6:10 – *as sorrowful yet always rejoicing*.

I don't know how you would describe joy or rejoicing if somebody asked you, but I'm pretty sure that ordinarily the concept of sorrowful would be far from my mind. In fact, I would even go so far as to say that sorrowful was the opposite of rejoicing. Yet Paul says that the two coexisted for him. In fact, the previous verses tell me the many things that probably caused Paul to experience sorrows – beatings, imprisonments, sleeplessness, etc (v 5). But he says that he was always rejoicing.

This is a really hard thing for me to embrace. There are several times in a week or even in a particular day where I am tempted by a discouraging thought, a bad mood, or self-pity. Maybe it's something my boss said, or something that happened at work, or a conversation with a friend, etc. But whatever it is, I can have various feelings that are quite the opposite of rejoicing.

But I am learning to pay little attention to my feelings. I am realizing that if Paul could be sorrowful and always rejoicing, then I can to. And I must go beyond my feelings to understand joy.





3 **Joy that the Bible speaks about can only be found in one place**

I've talked about where I cannot confidently look for joy – in my circumstances or in my feelings. But where can joy be confidently sought after and found? For me, I begin to understand the joy that the Bible talks about when I realize that there is ONLY ONE place where I can find joy. **That place is God's presence**. *Psalm 16:11 – In Your presence is fullness of joy.* It is in God's presence that I can ALWAYS confidently find joy.

What then does it mean to be in God's presence? Isn't God everywhere? Yes, God is everywhere because He is God. But because of the free will He offers us, we get to choose whether we want to be in God's presence, or whether we want to be in OUR own presence.

Here's what I mean by this:

When I think of being in somebody's presence, the picture I see is that of a king. And as I see it, there are two people who can be our king – God or self. Jesus says that we all have to serve one of two masters – God or mammon. And this mammon is this world system which seeks to enthrone self.

So at any moment of every day of our lives, I can choose to be in God's presence where God is king. Or I can choose to be in my own presence where I am king. This is the basic choice that is in front of each of us. And if we choose to be in God's presence, we will have free access to the joy that the Bible speaks about.

So then, how do we get to be in God's presence; and how do we practically make God king? We practically make God king by consistently and constantly dethroning self, and crucifying our self along with its passions and desires (Galatians 5:24).

4 **The pathway into God's presence ALWAYS requires the cross**

*Hebrews 12:1-2 – Therefore, since we have so great a cloud of witnesses surrounding us, let us also lay aside every encumbrance and the sin which so easily entangles us, and let us run with endurance the race that is set before us, fixing our*

*eyes on Jesus, the author and perfecter of faith,* ***who for the joy set before Him endured the cross, despising the shame, and has sat down at the right hand of the throne of God***.

This is a marvelous passage that tells us that Jesus is our Example and Forerunner in entering God's presence. And verse 2 tells me the essence of Jesus' own walk into God's presence – and that was through the cross.

The cross that Jesus went through was not the physical cross. We are not asked to run our race (i.e., live our lives for 70-80 years) with endurance by looking at Jesus who endured physical pain for a few hours. No! The cross that Jesus endured was the one He carried all His life – where He constantly denied His own will, but did the will of His Father (John 6:38). So as I've said before, we don't have to imitate Jesus in the physical cross that He carried, but in the way He constantly disregarded His own will.

I'd like to follow up with some more thoughts on joy next month. But for now, I hope that you can consider what I have shared.

1 Am I willing to set aside all my circumstances in my pursuit of joy? So no matter what my present circumstances are, I will not allow them to interfere with my pursuit of joy.

2 Am I willing to set aside all my emotions in my pursuit of joy? So no matter what my present feelings and emotions are, I will not allow them to interfere with my pursuit of joy.

3 Whose presence do I live in? Is it God's presence where He is the undisputed King? Or is it my "own presence" where my self-interests rule my life?

4 Do I see that the pathway to God's presence and fullness of joy *first* requires a cross that I must be willing to endure?

May God help you and I choose the "narrow" pathway to joy that He offers us, and reject all "broad" pathways that might seem right for now, but whose end is destruction and sadness!

(please mail your genuine doubts to: **sandeep@poonen.org**)

❖